For Private Circulation Only

November 2024

ആഗമനാരുണൻ

Vol.71

"യഹോവേ നീ തിരഞ്ഞെടുത്തവരുടെ നന്മ ഞാൻ കാണേണ്ടതിനും നിന്റെ..... എന്നെ സന്ദർശിക്കേണമേ" (സങ്കീ. 106:4)

No.11

ദൈവം ഇറങ്ങി വരുന്നു!

"അയ്യോ, ജാതികൾ തിരുമുമ്പിൽ വിറയ്ക്കത്തക്കവണ്ണം നിന്റെ നാമത്തെ വൈരികൾക്ക് വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും തീകൊണ്ടു വെള്ളം തിളയ്ക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങിവന്നെങ്കിൽ കൊള്ളായിരുന്നു" (യെശ.64:1,2).

യിസ്രായേൽ പിന്മാറ്റത്തിന്റെ അവസ്ഥയിൽ ആയിപ്പോയ അവസ്ഥയിലാണ് യെശയ്യാവ് ജീവിച്ചിരുന്നത്. അവളുടെ അകൃത്യം പൂർണ്ണ സമയത്ത്, അവൾ ജാതികളുടെ ദേശത്ത് അടിമകളായിപ്പോകേണ്ടി വന്നു.

ദൈവത്തിന്റെ പ്രവർത്തിയടെ വഴിയിൽ പർവ്വതസമാനമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവർ ഒരുമിച്ചു വരുവാൻ പ്രയാസമായ നിലയിൽ, അവർ ഒന്നുമില്ലാത്തവരായി, ചിതറപ്പെട്ടിരുന്നു. അവരുടെ പിന്മാറ്റം അതികഠിനമായിരുന്നു. അവരോടുള്ള ഇടപെടലുകൾ വളരെ പ്രയാസമേറിയതായിരുന്നു.

"നിന്റെ ദൈവം എവിടെ"? എന്ന് ശത്രുക്കൾ അവരെ പരിഹസിച്ചു ചോദിച്ചു. ഈ പരിഹാസങ്ങൾ അവരെ തളർത്തിയില്ല കാരണം, ആളുകളിൽ ഒരു ചെറിയ ദൈവഭയം ഉണ്ടായിരുന്നു.

ഈ സാഹചര്യങ്ങളുടെ നടുവിലാണ്, യെശയ്യാ പ്രവാചകൻ മനസിലാക്കിയത്, ദൈവം ഇറങ്ങിവന്ന്, അതായത്, തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തി, തന്റെ പ്രവർത്തി ചെയ്തെങ്കിൽ മാത്രമേ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ.

തിരുസാന്നിദ്ധ്യത്തിൽ പർവ്വതങ്ങൾ ഉരുകിയൊഴുകും. സർവ്വശക്തിയുള്ള ദൈവത്തിന്റെ മുമ്പിൽ നില്ക്കുവാൻ ഒന്നിനും കഴിയുകയില്ല, വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സാന്നിദ്ധ്യം ഓരോ അതിരുകളേയും എടുത്തുമാറ്റി, തടസ്സങ്ങളെ തുടച്ചുമാറ്റുന്നു.

ദൈവത്തിന്റെ തീ ഇറങ്ങി ആളുകളെ ഉരുക്കി, ദൈവശക്തിയിൽ ഒന്നിച്ചു ചേർക്കുന്ന ഒരു പ്രവൃത്തിയെ യെശയ്യാ പ്രവാചകൻ കണ്ടു. വെള്ളങ്ങൾ തിളച്ച് ശീതോഷ്ണാവസ്ഥ തുടച്ചുമാറ്റുന്ന ദൈവപ്രവൃത്തി താൻ കണ്ടു. എല്ലാറ്റിലും ഉപരി അവിടുത്തെ സാന്നിദ്ധ്യം ശത്രു സംഘങ്ങൾ അറിയുന്നു, സംശയം നീങ്ങി, തന്റെ സാന്നിദ്ധ്യത്തിന്റെ ഭയത്താൽ നിറയപ്പെടുന്നു.

സമാനമായ അവസ്ഥ സംജാതമാവുന്നു.

യെശയ്യാവിന്റെ കാലത്തിന് തുല്യമായ ഒരു കാലമാണിത് എന്ന് സംശയമില്ലാതെ പറയാം. ലോകത്തിന്റെ അവസ്ഥ ഭയങ്കരമാണ്. ദൈവജനത്തിന്റെ നടുവിൽ വിഭാഗീയത എവിടെയും നടമാടുന്നു. പൊതുവേ ഒരു ശീതോഷ്ണാവസ്ഥ. ആയിരങ്ങൾക്ക് സ്നേഹമില്ല, ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയി. ദൈവത്തിന്റെ സാന്നിദ്ധ്യത്തിന് മാത്രമേ നമ്മുടെ പ്രശ്നത്തിനു പരിഹാരം നൽകുവാൻ കഴിയുകയുള്ളൂ! നമ്മുടെ കാര്യപരിപാടികൾ, നമ്മുടെ പ്രസംഗം, പള്ളിയുടെ ചട്ടാവട്ടങ്ങൾ, നമ്മുടെ കയർ വാദ്യ ഉകരണങ്ങൾ, റേഡിയോ ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ എല്ലാം മനുഷ്യന് ചെയ്യുവാൻ കഴിയും. എന്നാൽ പ്രശ്നങ്ങളെ പരിഹരിക്കുവാൻ അവയ്ക്ക് കഴിയുകയില്ല.

എന്നാൽ, ദൈവം തന്നെത്താൻ വെളിപ്പെടുത്തി പ്രവർത്തിക്കുവാൻ നാം അനുവദിച്ചാൽ, അവിടുത്തെ സാന്നിദ്ധ്യത്തിൽ പർവ്വതങ്ങൾ ഉരുകും, ദൈവജനത്തിന്റെ ഇടയിലുള്ള ഭിന്നതകൾ തുടച്ചുമാറ്റി, ഏക ശരീരമായി ദൈവജനം ഒന്നിച്ചു ചേരുന്നു.

അതു മാത്രമല്ല, ശീതോഷ്ണാവസ്ഥയിലുള്ള ആളുകൾ ദൈവത്തിന്റെ അഗ്നിയ്ക്ക് വിധേയപ്പെടുന്നു. വെള്ളങ്ങൾ, തിളയ്ക്കുന്നു. ക്രിസ്തുവിന്റെ ശത്രുക്കളുടെ സമൂഹം, അവിടുത്തെ ശക്തിയെ തിരിച്ചറിയുന്നു, അവിടുത്തെ നാമം തന്റെ ശത്രുക്കൾ അറിയുമാറാക്കുന്നു.

ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ മദ്ധ്യേ ഇറങ്ങി വന്ന് ഈ കാലത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കാരണമാകുമാറാകണമെന്ന് യെശയ്യാവിന്റെ വചനങ്ങൾ നമ്മെ പ്രബോധിപ്പിക്കുന്നു. "നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെ പിടിപ്പാൻ ഉത്സാഹിക്കുന്നവനും ആരുമില്ല; നിന്റെ മുഖം ഞങ്ങൾ കാണാതവണ്ണം നീ മറെച്ചുവച്ചു ഞങ്ങളുടെ അകൃത്യങ്ങൾക്ക് ഞങ്ങളെ ഏല്പിച്ചിരിക്കുന്നു" (യെശ. 64:7).

നമുക്കു സത്യം ഗ്രഹിക്കാം. ദൈവം അരുളിചെയ്യുന്നു, എന്തുകൊണ്ട് ദൈവം ഇറങ്ങി വരുന്നില്ല. അവിടുത്തെ ജനം പിന്മാറ്റത്തിലായിരിക്കുന്നു, തന്നെത്തന്നെ താഴ്ത്തി, ദൈവത്തിങ്കലേക്ക് നോക്കി ശക്തമായി പ്രാർത്ഥിക്കുവാൻ ഒരു മനുഷ്യനെയും കാണുന്നില്ല.

ഈ വാക്യം കൃത്യമായി നമ്മെ പ്രബോധിപ്പിക്കുന്നത്, സ്വർഗ്ഗത്തിലെ ദൈവം ഇറങ്ങി വന്ന്, ഏത് മോശമായ അവസ്ഥയിലും തങ്ങൾക്ക് വേണ്ടി കരുതി, തന്റെ ജനത്തെ തന്നോട് അടുപ്പിച്ച് ആളുകൾ ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ കാരണമാക്കുന്നു.

ചരിത്രത്തിലെ ധാരാളം സംഭവങ്ങൾ സൂചിപ്പിക്കുന്നത്, ലോകത്തെ ചലിപ്പിക്കുമാറു ദൈവശക്തിയാൽ ഉപയോഗിക്കപ്പെട്ട ശ്രേഷ്ഠ ദൈവമനുഷ്യർ, അവർ ഓരോരുത്തരും, പ്രാർത്ഥനാ മനുഷ്യർ ആയിരുന്നു. അവർ ആളുകളെ മടക്കി ദൈവത്തിങ്കലേക്കു കൊണ്ടു വന്ന ദൈവമനുഷ്യരായിരുന്നു.

ദൈവജനത്തിന്റെ ഇടയിൽ ഉള്ള ഒരു കുറവ് പ്രാർത്ഥനയിൽ ഉള്ള കുറവാണ്. പഴയകാലത്ത് ഉണ്ടായിരുന്ന പ്രാർത്ഥന ഇന്നത്തെ ദൈവജനത്തിന്റെ ജീവിതത്തിലേക്ക് മടങ്ങി വരേണ്ടതാണ്. ചരിത്രത്തിൽ ഇന്നുവരെ പരിശുദ്ധാത്മാവിന്റെ ഉണർവ്വ്

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ദൈവം ഇറങ്ങി വരുന്നു

ഉണ്ടായിട്ടില്ല എന്ന കാര്യം ഓർമ്മപ്പെടുത്തേണ്ടതാണ്, കാരണം പ്രാർത്ഥനയിലുള്ള കുറവാണ്.

ജയിക്കുന്ന പ്രാർത്ഥന, ആളുകളെ ദൈവത്തിങ്കലേക്ക് നടത്തി, അത് ദൈവത്തിന്റെ പ്രവർത്തികളെ കാണുവാൻ നമ്മെ സഹായിക്കുന്നു.

മാസങ്ങളോളം ഉള്ള കണ്ണുനീരോടെയുള്ള പ്രാർത്ഥന

ഇവാൻ റോബർട്ടിന്റെ കാലത്ത് അത് സത്യമായിരുന്നു. മാസങ്ങളോളമുള്ള കണ്ണുനീരോടെയുള്ള പ്രാർത്ഥന, തന്റെ ജീവിതത്തിൽ മാത്രമല്ല, വെയിൽസിലുള്ള മറ്റനേകരുടെ ജീവിതത്തിൽ വൻ കാര്യങ്ങൾ പ്രവർത്തിച്ചു. ഒടുവിൽ ആകാശം കീറി ദൈവസാന്നിധ്യം കൊണ്ടുവരുവാൻ കാരണമായി.

അനവധി പ്രാവശ്യം ആത്മാവിന്റെ സാന്നിദ്ധ്യം ഇറങ്ങി ഉണർവ്വു യോഗങ്ങളിൽ ആളുകളുടെ ഹൃദയം തുറക്കപ്പെടുന്നത് ഞാൻ കണ്ടു, അവർ ദൈവത്തിനു വേണ്ടി ദാഹമുള്ളവരായിത്തീർന്നു. ആത്മാവിന്റെ നിർബ്ബന്ധം ഉണ്ടാകുന്നതുവരെ, അവർ രാത്രി കാലങ്ങളിൽ, യാക്കോബിനെപ്പോലെ പോരാടി പ്രാർത്ഥിച്ചു! " (ഉല്പ. 32:24-30).

അപ്രകാരമുള്ള പ്രാർത്ഥനയിൽ ധാരാളം ദൈവപ്രവൃത്തികൾ എനിക്ക് കാണാൻ കഴിഞ്ഞു, എവിടെ ഇപ്രകാരമുള്ള പ്രാർത്ഥന ഉയരുമ്പോൾ, "ദൈവം സ്വർഗ്ഗത്തിൽ നിന്നും കേട്ട് തന്റെ സാന്നിദ്ധ്യം ഇറങ്ങിവരുന്നു" (ദാനി. 9:1-23).

"സീയോനോ, നോവുകിട്ടിയ ഉടനേ തന്നെ മക്കളെ പ്രസവിച്ചിരിക്കുന്നു" (യെശ.66:8).

പ്രാർത്ഥന ഒരു യുദ്ധമാണ്

ഞാൻ ഒരത്ഭുതകരമായ കാഴ്ച നിങ്ങളെ കാണിക്കുവാനാഗ്രഹിക്കുന്നത്, മിക്ക ആളുകളിലും അവരുടെമേൽ ദൈവസാന്നിദ്ധ്യമുണ്ടായിരുന്നു. പ്രാർത്ഥനയുടെ ശക്തി ദൈവം നമ്മുടെ കരങ്ങളിൽ തരുന്ന ഏറ്റവും ശ്രേഷ്ഠമായ ആയുധമാണെന്ന് സാത്താന് അറിയാം.

ദൈവം നമ്മെ പ്രാർത്ഥനയിൽ കാക്കുന്നു എന്ന് അവനറിയാം; ഉണർവ്വിനെക്കുറിച്ച് അറിഞ്ഞിട്ട്, അതിനെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കും, ആത്മാവിൽ ശരിയായുള്ള പ്രാർത്ഥനയെ എങ്ങനെയും ഏതുവിധേനയും തടസ്സപ്പെടുത്തും, കാരണം പ്രാർത്ഥന അവന് ദോഷം ചെയ്യുമെന്നറിയാം.

നല്ല കാര്യങ്ങളിൽ തിരക്കുള്ളവരാക്കി തീർക്കും

നിങ്ങൾ പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ ഉറ്റിരുന്ന് പ്രാർത്ഥിക്കുമ്പോൾ ആത്മിക തലത്തിൽ ശത്രുവിനോട് യുദ്ധം ചെയ്യുകയാണ്. ആ സമയം പിശാച് മയ

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

ശബ്ബത്തു കഴിഞ്ഞ് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റേ മറിയയും കല്ലറ കാൺമാൻ ചെന്നു. പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് കല്ല് ഉരുട്ടി നീക്കി. അതിന്മേൽ ഇരുന്നിരുന്നു. അവന്റെ രൂപം മിന്നലിന് ഒത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതും ആയിരുന്നു. കാവക്കാർ അവനെ കണ്ടു പേടിച്ചു വിറെച്ചു മരിച്ചവരെപ്പോലെ ആയി. ദൂതൻ സ്ത്രീകളോട് ഭയപ്പെടേണ്ട ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ ഇവിടെ ഇല്ല. താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു. അവൻ കിടന്ന സ്ഥലം വന്നു കാൺമിൻ. അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നുവേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറവിൻ. അവൻ അവിടെ എന്നെ കാണും എന്നു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. (മത്താ:28:1-10)

2024 ഒക്ടോബർ നമ്മെ വിട്ട് കടന്നു പോയി നവംബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

ദൈവം ഇപ്പോഴും നമുക്കു ചുറ്റിലും നമ്മിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു നമ്മുടെ ശരീരത്തിന്റെ ജീവനായിരിക്കേണ്ടതാണ്. നമ്മുടെ സന്തോഷവും നിത്യതയുമെല്ലാം ആശ്രയിച്ചിരിക്കുന്നത് ദൈവത്തിൽ ആണ്.

നാം ഓരോരുത്തരും ദൈവത്തിന്റെ മക്കൾ ആകുന്നു. നമ്മുടെ പിതാവ് സർവ്വശക്തനായ ദൈവമാണെന്ന് വിശ്വസിച്ച് മറ്റുള്ളവരോട് നമുക്ക് പങ്കിടാം. കർത്താവ് എന്തെല്ലാം തന്റെ തിരുവചനത്തിൽ പറഞ്ഞിരിക്കുന്നുവോ അതാണ് വിശ്വാസം.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആരാധന -യഥാർത്ഥ പ്രാർത്ഥനയുടെ മൂല തത്വം

By D.L.Moody

ആത്മീയ ജീവിതത്തിൽ ഉന്നതമായ സ്ഥാനം പ്രാർത്ഥനയ്ക്കുണ്ട്. റോബർട്ട് മുറേ ഇപ്രകാരം പറഞ്ഞു, എന്റെ ജീവിത്തിന്റെ നല്ലൊരു ഭാഗം സമയം എന്റെ ഹൃദയത്തിൽ പ്രാർത്ഥനയ്ക്കായി വേർതിരിക്കുന്നു. സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് പ്രാർത്ഥന. സത്യപ്രാർത്ഥനയ്ക്ക് പ്രധാനമായി ഒൻപതു മൂലതത്വങ്ങൾ പറയപ്പെട്ടിരിക്കുന്നു. ഒന്നാമതായി **ആരാധന**: ആരംഭത്തിൽ നമുക്കു ദൈവത്തെ കണ്ടു മുട്ടുവാൻ സാദ്ധ്യമല്ല. നമുക്ക് എത്തിപിടിക്കുവാനോ കാണുവാനോ കഴിയുന്നതിനപ്പുറത്തുള്ള ഒരുവനെ നാം സമീപിക്കേണം. അകൃത്യം ജീവിതത്തിൽ ഉണ്ടെങ്കിൽ നമുക്കു ദൈവവുമായി ബന്ധം പുലർത്തുവാൻ സാദ്ധ്യമല്ല. ഒരു മനുഷ്യനോട് തെറ്റായി എന്തെങ്കിലും ജീവിതത്തിൽ ഉണ്ടെങ്കിൽ അതിൽ നിരപ്പു പ്രാപിക്കുന്നതുവരെ ആ മനുഷ്യന്റെ മുഖപ്രസാദം ഉണ്ടായിരിക്കുകയില്ല.

തിരിച്ചുകൊടുക്കൽ: ആവോളം എല്ലാവരോടും നല്ല മനസാക്ഷി വച്ചു പുലർത്തേണ്ടതാണ്.

നന്ദിയർപ്പണം: ദൈവം നമുക്കു ചെയ്യുന്ന എല്ലാ കാര്യത്തിനും നാം നന്ദിയുള്ളവരായിരിക്കേണം.

പാപക്ഷമയും ഐക്യതയും: പ്രാർത്ഥനയിൽ മറുപടി ലഭിക്കുവാൻ നാം വിശ്വാസം ഉള്ളവരായിരിക്കേണ്ടതാണ്.

അങ്ങനെ സ്വാധീനതയുള്ളവരായി, നാം നേരിട്ട് പരാതിയർപ്പിക്കുവാൻ ഒരുങ്ങിയിരിക്കേണ്ടതാണ്. നമുക്കു മറ്റുള്ളവരെ പ്രബോധിപ്പിപ്പാൻ നല്ല മന:സാക്ഷിയുണ്ടായിരിക്കേണ്ടതാണ്. നമ്മുടെ പ്രാർത്ഥനയിൽ ധാരാളം പരാതികൾ ഉണ്ടാകാറുണ്ട്. നമ്മുടെ പ്രാർത്ഥനയിൽ സമർപ്പണം ഉണ്ടായിരിക്കേണ്ടതാണ്. നാം പ്രാർത്ഥിക്കുമ്പോൾ, നാം ദൈവത്തിന്റെ ഹിതം അന്വേഷിപ്പാൻ തയ്യാറാകേണം. ഈ വ്യവസ്ഥകൾ പാലിച്ചാൽ, നിശ്ചയമായി നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടിയുണ്ടാകും.

ആരാധന

ഈ ലേഖനത്തിൽ പറയപ്പെട്ട ഒന്നാമത്തെ മൂലതത്വമായ ആരാധനയെക്കുറിച്ച് ചിന്തിക്കാം. ഇത് ദൈവത്തിൽ ബഹുമാനവും മഹത്വവും സ്തുതിയും പുകഴ്ചയും ആഴമായ സ്നേഹവും അർപ്പിക്കുന്ന അനുഭവമാണ്. കിഴക്കൻ രാജ്യങ്ങളിൽ ബഹുമാനത്തെ വെളിപ്പെടുത്തുവാൻ ഇങ്ങനെ ചെയ്യുന്നു. അതുകൊണ്ട് പലപ്പോഴും നാം ദൈവത്തിന്റെ വചനത്തിൻ മുമ്പിൽ നിർബ്ബന്ധിക്കപ്പെട്ടവരായി, നിരന്തരം ആരാധന അർപ്പിക്കാറുണ്ട്.

റവ. ന്യൂമാൻ ഹാൾ, കർത്താവിന്റെ പ്രാർത്ഥന എന്ന ലേഖനത്തിൽ പറയുന്നത്, “മനുഷ്യന്റെ ആരാധന, വെളിപ്പാടുകൾക്കപ്പുറത്ത്, തമ്മിൽ ഐക്യമുള്ളതായി നമ്മുടെ അന്തരംഗങ്ങളിൽ നിന്നും രൂപാന്തരപ്പെട്ടവയാണ്. ദൈവത്തിൽ നിന്നും പ്രാപിച്ച നന്മകൾക്ക് നന്ദി പറയുവാൻ, അഥവാ ഇപ്പോൾ നടത്തുന്ന നടത്തിപ്പുകൾക്കായി: ആഹാരം, വസ്ത്രം, ആരോഗ്യം, സുരക്ഷിതത്വം തുടങ്ങിയവയ്ക്കായി. ബഥേലിൽ യാക്കോബിനെപ്പോലെ ഉപേക്ഷിക്കപ്പെട്ടവനെപ്പൊലെ ആയിരിക്കുമ്പോൾ ദൈവത്തോടു കഴിക്കാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും നൽകപ്പെടേണ്ടതിനായി ചോദിക്കുന്നു.

“ഈ ആവശ്യങ്ങളുടെ രീതിയിൽ, പൊതുവായി ഇപ്രകാരമുള്ള ആവശ്യങ്ങൾക്കുവേണ്ടി, എല്ലാവരും പൊതുവേ എല്ലാ ക്രിസ്ത്യാനികളും പിന്തുടരുകയാണ്. നമ്മുടെ പ്രാർത്ഥനയിൽ നാം വിശ്വാസത്താൽ നാം ദൈവ സന്നിധിയിലേക്ക് പോകുകയാണ്. എന്നാൽ നിശ്ചയമായും, നാം നമ്മെത്തന്നെ പ്രതിഫലിപ്പിക്കുകയാണ്. ഇത് നാം കഴിക്കുന്ന പ്രാർത്ഥന ഒരിക്കലും മടങ്ങിവരാതെ നോഹ പെട്ടകത്തിൽ നിന്നും പുറത്തുവിട്ട കാക്കയെപ്പോലെയാണ്. എന്നാൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്ന നമ്മുടെ ധ്യാനത്തിന്റെ ഒടുവിൽ, അവർ പ്രാവിനപ്പോലെ പോകുന്നു, ഒരു ഒലിവ് വൃക്ഷത്തിന്റെ കൊമ്പുമായി മടങ്ങി വരുന്നു.

ഞാൻ നിങ്ങൾക്ക് വേദ പുസ്തകത്തിലെ ഒരു പ്രവാചകനായ ദാനിയേലിനെ പരിചയപ്പെടുത്താം. എങ്ങനെ നാം പ്രാർത്ഥിക്കേണം എന്ന്

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ആരാധന - യഥാർത്ഥ പ്രാർത്ഥനയുടെ മൂല തത്വം

അറിഞ്ഞിരുന്ന ഒരു പ്രവാചകന്മാരിലൊരാളാണ്. താൻ പ്രാർത്ഥിച്ചപ്പോൾ താൻ അനുഗ്രഹിക്കപ്പെട്ടു, തന്റെ ജനവും അനുഗ്രഹിക്കപ്പെട്ടു. അദ്ദേഹം ഇങ്ങനെ പറയുന്നു, "അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും കൊണ്ട് പ്രാർത്ഥനയോടും യാചനകളോടും കൂടെ അപേക്ഷിക്കേണ്ടതിന് ദൈവമായ കർത്താവിങ്കലേക്ക് മുഖം തിരിച്ചു. എന്റെ ദൈവമായ യഹോവയോട് ഞാൻ പ്രാർത്ഥിച്ചു ഏറ്റുപറഞ്ഞത് എന്തെന്നാൽ തന്നെ സ്നേഹിക്കുന്നവർക്കും തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കും നിയമവും ദയയും പാലിക്കുന്നവനായി മഹാനും ഭയങ്കരനുമായ ദൈവമായ കർത്താവേ" (ദാനി. 9: 3.4).

നിങ്ങളുടെ പ്രത്യേക ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് ഞാൻ പറയുന്നത്, "കർത്താവ്, മഹാനും ഭയങ്കരനുമായ ദൈവം". ദാനിയേൽ ദൈവത്തിന്റെ മുമ്പിൽ ശരിയായ സ്ഥാനം തെരഞ്ഞെടുക്കുകയാണ്. പൊടിയിൽ; ദൈവത്തിന് താൻ പ്രധാനമായ സ്ഥാനം കൊടുക്കുകയാണ്. അബ്രഹാം ദൈവത്തെ നോക്കി, ദൈവത്തെ നോക്കി നമസ്ക്കരിച്ചു. അവൻ ദൈവത്തോട് സംസാരിച്ചു. ദൈവം വിശുദ്ധനാണ്, മനുഷ്യർ പാപികളാണ്.

ബ്രൂക്ക്സ് എന്ന ഉണർവ്വുകാരൻ പറയുന്നത്: യഥാർത്ഥ ഒരു ഉണർവ്വുകാരൻ വിശുദ്ധിയിൽ ജീവിക്കുന്നവൻ ആണ്. അശുദ്ധിയിൽ ജീവിക്കുന്നവർക്കു ദൈവത്തിന്റെ സംഘത്തിൽ ആയിരിപ്പാൻ സാദ്ധ്യമല്ല. വിശുദ്ധിയിൽ ജീവിക്കുന്ന ഒരുവനു മാത്രമേ ദൈവത്താൽ ഉപയോഗിക്കപ്പെടുവാനും ഉണർവ്വുകാരനായിരിപ്പാനും കഴികയുള്ളൂ. എത്രത്തോളം വിശുദ്ധനായി ജീവിക്കുന്നുവോ അത്രത്തോളം ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയും. വിശുദ്ധിയിൽ ആയിരിക്കുന്ന ദൂതന്മാർക്ക് ദൈവത്തിന്റെ മഹത്വത്തിന്റെ മോതിരത്തിൽ ഒരു മുത്തായിരിപ്പാൻ കഴിയും. എന്നാൽ അശുദ്ധിയിൽ ജീവിക്കുന്നവർക്ക് ദൈവത്താൽ ഉപയോഗിക്കപ്പെടുവാൻ സാദ്ധ്യമല്ല.

" ഒരു പാപിക്ക് ദൈവത്തിന്റെ സഭയിൽ നിവർന്നു നില്പാൻ സാദ്ധ്യമല്ല. ഒരു വിശുദ്ധന്റെ പ്രസംഗത്തിൽ ഒരു പാപിയായ മനുഷ്യന്റെ ഹൃദയവും മനസും വേദനിക്കുകയും, ഒന്നും അവന്റെ ഹൃദയത്തിൽ ഏറ്റുകൊള്ളുവാൻ കഴിയാതെ, ദൈവത്തിന്റെ വാക്കുകളും അവന് ഭാരമായിതോന്നും. എന്നാൽ വിശുദ്ധിയിൽ ജീവിക്കുന്നവർ, തിരുവചനം അവർക്ക് യോഗ്യവും സംതൃപ്തിയും നൽകി, അവരുടെ ഹൃദയത്തെ പ്രകാശിപ്പിച്ചു സന്തോഷിപ്പിച്ചു, അവരിൽ കൂടുതൽ സന്തോഷവും നേട്ടങ്ങളും ഉണ്ടാക്കി, കൂടുതൽ ശക്തിയോടെ, മനസോടെ ഏറ്റെടുത്ത്, മഹത്വത്തിലും വിശുദ്ധിയിലും വളരുന്നു. " അതുകൊണ്ട് ദൈവത്തിന്റെ സന്നിധിയിൽ വരുന്നത് അവിടുത്തെ ആരാധിപ്പാനും അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുവാനുമാണ്.

ഇതേ കാര്യം യെശയ്യാവിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു, " ഉസ്സിയാ രാജാവു മരിച്ച ആണ്ടിൽ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു,സാറാഫുകൾ അവനു ചുറ്റും നിന്നു. ഓരോരുത്തനു ആറാറു ചിറകുണ്ടായിരുന്നു. രണ്ട് കൊണ്ട് അവർ മുഖം മൂടി, രണ്ടു കൊണ്ട് കാൽമൂടി, രണ്ടു കൊണ്ട് പറന്നു. ഒരുത്തനോട് ഒരുത്തൻ സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർവ്വ ഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ആർത്തു പറഞ്ഞു" (യെശ. 6:1-3).

ദൈവത്തിന്റെ വിശുദ്ധിയുടെ അറിവ് ആവശ്യമാണ്.

നാം ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചറിയുമ്പോൾ, നാം ദൈവത്തെ ആരാധിപ്പാനും, സ്തുതിപ്പാനുമിടയായിത്തീരും. അതേ പാഠം മോശെ പഠിക്കുവാനിടയായി. തന്റെ കാലിൽ നിന്നും ചെരിപ്പ് അഴിച്ചു കളയുവാൻ ദൈവം മോശയോട് പറഞ്ഞു. നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാണ് എന്ന് ദൈവം അവനോട് പറഞ്ഞു. മനുഷ്യനെക്കുറിച്ച് പറയുമ്പോൾ ചെരിപ്പ് അഴിച്ചുകളക എന്ന് പറയുമ്പോൾ, വിശുദ്ധിയെക്കുറിച്ച് സംസാരിക്കുന്നു, അവർ ദൈവത്തിന്റെ വിശുദ്ധിയുടെ വെളിച്ചം വീശുന്നു. ഇത് ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചാണ്, നാം അതിനെക്കുറിച്ച് ചിന്തിക്കുകയും അതിനെക്കുറിച്ച് സംസാരിക്കയും വേണം; നാം അതിനെക്കുറിച്ചു അറിയുമ്പോൾ പൊടിയോളം കുനിഞ്ഞു നാം ദൈവത്തെ മഹത്വപ്പെടുത്തുവാനിടയായിത്തീരും.

നിങ്ങൾ ചിന്തിക്കുക, പത്രോസ് എങ്ങനെയായിരുന്നു. കർത്താവ് തന്നെത്താൻ അവന് വെളിപ്പെടുത്തിയപ്പോൾ അവൻ പറഞ്ഞു. " കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടു പോകേണമേ എന്ന് പറഞ്ഞു " (ലൂക്കോ. 5:8). ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടു ധാരാളം നമുക്കുണ്ട്, എത്ര വിശുദ്ധനാണ് ദൈവമെന്നും എത്ര പാപിയായ മനുഷ്യർ ആണ് നാമെന്നും ഉള്ള അറിവ്.

ഇയ്യോബ് ഇതേ പാഠം പഠിച്ചിരുന്നു എന്ന് നാം കാണുന്നു. " അതിന് ഇയ്യോബ് യഹോവയോട് ഉത്തരം പറഞ്ഞത്: ഞാൻ നിസാരനല്ലോ; ഞാൻ നിന്നോട് എന്തുത്തരം പറയേണ്ടു; ഞാൻ കൈകൊണ്ട് വായ് പൊത്തിക്കൊള്ളുന്നു" (ഇയ്യോ. 38:3). ദൈവം തന്നെത്തന്നെ ഇയ്യോബിന് വെളിപ്പെടുത്തിയപ്പോൾ, ഇയ്യോബ് തന്റെ സംസാരം മാറ്റി. താൻ ദൈവത്തിന്റെ വിശുദ്ധിയെ കണ്ട്, തന്റെ അശുദ്ധിയെയും കാണുവാനിടയായി. അവൻ പറഞ്ഞു, " ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ, ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെ തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

കർത്താവിന്റെ ഐഹിക ജീവിതകാലത്ത് തന്റെ അടുക്കൽ വന്നവർ, അനുഗ്രഹം തേടിതന്നെ അന്വേഷിച്ചു വന്നു, തന്റെ നിത്യമായ മഹത്വം അന്വേഷിച്ച. മത്തായിയുടെ സുവിശേഷത്തിൽ ശതാധിപൻ പറഞ്ഞു: " നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല" (മത്താ. 8:8). യായിറോസ് "വന്ന് യേശുവിന്റെ കാൽക്കൽ വീണു " (ലൂക്കോ. 8:41). മർക്കൊസ് സുവിശേഷത്തിൽ ഒരു കുഷ്ഠരോഗി വന്ന്, " ഒരു കുഷ്ഠരോഗി അവന്റെ അടുക്കൽ വന്ന് മുട്ടുകുത്തി " (മർക്കൊ. 1:40). ഒരു സുറഫൊയിനക്യകാരി സ്ത്രീവന്ന്, " വന്ന് അവന്റെ കാൽക്കൽ വീണു "(7:25). "അവൻ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞൊരു മനുഷ്യൻ യേശുവിനെ കണ്ടു കവിണ്ണു വീണു (ലൂക്കൊ. 5:12).

അതുകൊണ്ട് പ്രീയരെ, അവിടുത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അവർ ദൈവത്തിൽ വസിക്കുന്നു എന്ന നിലയിൽ, പറഞ്ഞു, " വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു; ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ. 1:14). മാത്രമല്ല,

(ശേഷം 8-ാംപേജിൽ)

“ നിങ്ങളുടെ നിലവിളിയുടെ ശബ്ദത്തിങ്കൽ അവന് നിശ്ചയമായി കരുണ തോന്നും,അതുകേൾക്കുമ്പോൾ തന്നെ അവൻ ഉത്തരം അരുളും ” (യെശ.30:19).

“ അവിടുത്തേയ്ക്കു നിങ്ങളോട് കരുണ തോന്നും ”. എന്താണ് നിങ്ങളുടെ ഉറപ്പ്?

ആദ്യമായി, ഞാൻ പറയാം, നമ്മുടെ ഉറപ്പിന്റെ അടിസ്ഥാനം എന്നത് ദൈവവചനത്തിന്റെ വാഗ്ദത്തങ്ങളിൽ കാണുന്നു. ധാരാളം സമാനമായ പ്രസ്താവനകൾ തിരുവചനത്തിൽ അവിടവിടെയായി ചിതറിക്കിടക്കുന്നു. നിങ്ങൾ അറിയുവാനാഗ്രഹിക്കുന്നത് എന്തുകൊണ്ട് നാം ദൈവത്തിങ്കലേക്ക് തിരിഞ്ഞു ആശ്രയിക്കേണം, കാരണം അവിടുന്ന് ഇങ്ങനെ പറയുന്നു, അവിടുത്തേയ്ക്ക് മാറ്റമില്ലാത്തവനാണ്. “ നിങ്ങളുടെ നിലവിളിയുടെ ശബ്ദത്തിങ്കൽ അവന് നിശ്ചയമായി കരുണ തോന്നും, അതുകേൾക്കുമ്പോൾ തന്നെ അവൻ ഉത്തരം അരുളും ” (യെശ.30:19). ഇത് തന്റെ മാറ്റമില്ലാത്ത വചനത്തിന്റെ ഭാഗമാണ്, അല്ലേ? വരൂ, അപ്പോൾ, നിങ്ങളുടെ ബൈബിൾ തുറക്കൂ, നിങ്ങളുടെ കൈവിരൽ ആ വചനത്തിലേയ്ക്ക് വയ്ക്കുക, എന്നിട്ട് പറയുക, “ ദൈവം പ്രസ്താവിക്കുന്ന, എന്റെ പ്രാർത്ഥന കേൾക്കുവാനുള്ള ഒരുക്കത്തിൽ ഞാൻ വിശ്വസിക്കുന്നു ”. ഇപ്പോൾ, നിങ്ങൾ എന്തു അധികമായി നിങ്ങൾ ആവശ്യപ്പെടുന്നു? എന്താണ് ഒരു കുട്ടി ദൈവവചനത്തെക്കാളുപരി തന്റെ പിതാവിൽ നിന്നും ആവശ്യപ്പെടുന്നത്? ഒരു ക്രിസ്തു ശിഷ്യൻ ചോദിക്കുന്ന ഗുരുവിന്റെ വാഗ്ദത്തത്തിന്റെ ശക്തമായ തെളിവ് എന്താണ്? ഇപ്രകാരം എഴുതിയിരിക്കുന്നു. എന്നത് നിങ്ങൾക്ക് ധാരാ ളം മതിയോ? വേഗം മുഴങ്കാലിലേക്ക് പോകുക അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുക.

നിങ്ങളുടെ സ്നേഹിതൻ ഇങ്ങനെ പറഞ്ഞു എങ്കിൽ,

ആശ്രയിപ്പാനും പ്രാർത്ഥിപ്പാനുമുള്ള പ്രോത്സാഹനം

By Charles H. Spurgeon

“ഞാൻ നിങ്ങളുടെ അപേക്ഷ കേട്ടിരിക്കുന്നു, അവനെ നിങ്ങൾ വിശ്വസിക്കയില്ലയോ? സംശയിക്കരുത്, അപ്പോൾ, നിങ്ങളുടെ ദൈവം, നിങ്ങളുടെ പിതാവ്. തന്റെ വചനത്തിൽ ആശ്രയിക്കാത്തവർക്ക് ഒരിക്കലും അവൻ നൽകുകയില്ല. അവിടുത്തെ വാഗ്ദത്തങ്ങൾ എല്ലാം വിശ്വസിക്കാവുന്നതല്ലേ? വരൂ, അപ്പോൾ, അവിടുത്തെ വചനത്തിന്റെ ഉറപ്പുകളെല്ലാം നല്ല ഉറപ്പുള്ളവയല്ലോ?. ഒരു വാഗ്ദത്തമേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ, അത്, ധരാളം മതിയായിരുന്നു, എന്നാൽ, എത്രയധികം വാഗ്ദത്തങ്ങൾ നമുക്കു നൽകിയിരിക്കുന്നു! ദൈവവചനത്തിന്റെ വാഗ്ദത്തങ്ങൾ, അർദ്ധരാത്രിയിലെ ആകാശത്തിലെ നക്ഷത്രങ്ങൾ എത്രയോ, അതുപോലെയാണ്. എനിക്ക് അവയെ വർണ്ണിപ്പാൻ സാധ്യമല്ല. നിങ്ങൾ അത് അറിയുന്നു, അവയുടെ എണ്ണം വളരെയാണ്, എന്നാൽ അവയെല്ലാം നമ്മുടെ വിശ്വാസത്തിനു വേണ്ടി ഉണ്ടാക്കി, ഒന്നും അവിശ്വസിക്കേണ്ട കാര്യമില്ല. നിങ്ങൾ അവയെ വിശ്വസിക്കുന്നുവോ, നിങ്ങളുടെ ദൈവത്തിൽ വിശ്വസിക്കുന്നുവോ, തന്റെ വചനമെല്ലാം നിറവേറിയിരിക്കുന്നു, നിങ്ങളുടെ ജീവിതത്തിന്റെ സന്തോഷത്തിനായി.

കൃപയുള്ള ദൈവത്തിന്റെ പ്രകൃതി

രണ്ടാമത്തെ തലത്തിൽ ഈ ഉറപ്പ് നിലനിർത്തിയിരിക്കുന്നത് കൃപയുള്ള ദൈവത്തിന്റെ പ്രകൃതിയിലാണ്. വേദപുസ്തകം ഇത് വ്യക്തമാക്കുന്നു. “ അവിടുന്ന് നിങ്ങളോട് കൃപയുള്ളവനായിരിക്കുന്നു. ഇത് ദൈവത്തിന്റെ പ്രകൃതിയാണ്. യിസ്രായേലിന്റെ ദൈവം, തന്റെ ജനത്തോടു വളരെ ആർദ്രമായി ഇടപെടുന്നവൻ, അവിടുന്ന് തന്റെ കൈകളെ തുറന്ന്, ജീവനുള്ള എല്ലാറ്റിനും അതതിന്റെ ആഹാരം കൊടുക്കുന്നു. തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി താൻ ത്യാഗം ചെയ്യുന്നു, തന്റെ പുത്രനായ യേശുവിനെപ്പോലും (റോമ. 8:32). പാപമുള്ള തലമുറയോട് അവിടുത്തേയ്ക്കു കരുണ തോന്നുന്നു. അപ്പോൾ കാണുക, ദൈവം എത്ര കരുണയുള്ളവൻ ആണ്.

അവിടുത്തെ സ്നേഹം അതിശയമായതാണ്, പാതാളത്തെക്കാൾ ആഴമുള്ളതാണ്, സ്വർഗ്ഗത്തെക്കാൾ ഉയരമുള്ളതാണ്, സമുദ്രത്തെക്കാൾ വിശാലമാണ്. അതെ, എങ്കിൽ പിന്നെ, നിങ്ങളുടെ പ്രശ്നം എന്താണ്? സഹായത്തിനായി കരുണയുള്ള ദൈവത്തിൽ ആശ്രയിക്കുക. എന്താണ് നിങ്ങളുടെ പാപം? ക്ഷമയ്ക്കായി കരുണയുള്ള ദൈവത്തിൽ ആശ്രയിക്കുക. എന്താണ് നിങ്ങളുടെ പിന്മാറ്റങ്ങൾ? ഉദ്ധാരണത്തിനായി കരുണയുള്ള ദൈവത്തിൽ ആശ്രയിക്കുക. എന്താണ് നിങ്ങൽ പ്രതീക്ഷിക്കുന്ന പരീക്ഷകൾ. വഹിപ്പാൻ ശക്തനായ കരുണയുള്ള ദൈവത്തിൽ അർപ്പിക്കുക. അവൻ ക്രൂരനായ ഒരു ഏകാധിപതി, അവനെ വിട്ട് ഓടിപ്പോകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ തന്റെ കരുണ എന്നേയ്ക്കുമുള്ളത്, പോകേണ്ടവഴി അവിടുന്ന് കാണിച്ചു തരും. വരിക, നമുക്ക് ഒരുമിച്ചു പോകാം, വിശ്വാസത്താൽ പോകാം, ഈ നിമിഷം നമ്മെത്തന്നെ അവിടുത്തെ പാദത്തിൽ സമർപ്പിക്കാം, നാം അവിടുത്തെ കാണുന്നില്ല എങ്കിലും, കർത്താവായ യേശുവിലൂടെ തന്നെ ത്താൻ വെളിപ്പെടുത്തിയിരിക്കുന്നു, നമുക്ക് അവിടുത്തോട് സമാധാനം ഉണ്ട്, അവിടുന്ന് നൽകി അനുഗ്രഹിക്കും.

ദൈവത്തിന്റെ സ്വഭാവം നിശ്ചയമാണ്, അത് സ്നേഹത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു, കൃപയിൽ, കരുണയിൽ, അവിടുത്തെ അന്വേഷിക്കുന്നവർക്ക് അവിടുത്തെ കൃപയുള്ളവനാണ്, അതുകൊണ്ട് നമുക്ക് ഉടനെ അവിടുത്തെ മുഖം അന്വേഷിക്കാം, നമുക്ക് ഓരോരുത്തർക്കും. വചനം പറയുന്നത്, “ അവിടുന്ന് വളരെ കൃപയുള്ളവൻ ” എന്നാണ്. അങ്ങനെ ഞാൻ കാണുവാൻ ആഗ്രഹിക്കുന്ന കൃപ ശക്തമായ വാക്കുകളോടുകൂടിയതാണ്. ഇത് മനസിനെ പുതുക്കി, ഇതു വായിക്കുമ്പോൾ, ചില വാക്കുകൾ ഹൃദയസ്പർശിയായ മേന്മകൾ ഉള്ളതായി, ഇതിന്റെ മഹത്വവും, ഇതിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്ര്യവും അഥവാ അവയിൽ നിന്നും ലഭിക്കുന്ന നന്മയും നമുക്കു അവകാശമാക്കുന്നു. “കരുണാ സമ്പന്നനായ ദൈവമോ ” (എഫെ. 2:4) “യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു (സങ്കീ. 103:8). യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേയ്ക്കുമുള്ളത് (സങ്കീ. 100:5). ആ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു (ലൂക്കോ. 1:79). “യഹോവയ്ക്കു സ്തോത്രം ചെയ്വിൻ അവന്റെ ദയ എന്നേയ്ക്കുമുള്ളത് (സങ്കീയ 107:1). നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു; യഹോവയുടെ വിശ്വസ്തത എന്നേയ്ക്കുമുള്ളത് (സങ്കീ. 117:2). നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ”. (സങ്കീ. 51:1). നോക്കുക, കർത്താവിന്റെ കരുണയ്ക്കു പറഞ്ഞിരിക്കുന്ന വാക്കുകൾ, എത്ര പ്രാവശ്യം പറഞ്ഞാലും അത് മതിവരികയില്ല.

(ശേഷം 8-ാം പേജിൽ)

രാജ്യത്തിന് വേണ്ടിയുള്ള സത്യമായ പ്രത്യാശയുടെ ഉറവിടം

By Rich Carmicheal

നാം വായിക്കുന്നതുപോലെ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാനുള്ള ഇലക്ഷന്റെ സമയമാണല്ലോ ഇത്. ഭാവി പ്രസിഡന്റിനെ തെരഞ്ഞെടുക്കുകയാണ്. ശ്രദ്ധേയമായ ഒരു പ്രതീക്ഷ പ്രസിഡന്റിൽ ഉണ്ട്. പ്രധാന രാഷ്ട്രീയ പാർട്ടികളും അമേരിക്കൻ ജനതയും എക്കാലത്തെയും പോലെ ഒരു ധ്രുവീകരണത്തിനായി നോക്കുന്നു. എല്ലാവരും ഒരുപോലെ പ്രതീക്ഷ വയ്ക്കുന്നു.

ചിലതൊക്കെ പ്രധാനമായി നാം മനസ്സിൽ കരുതേണ്ടതുണ്ട്. എന്നിരുന്നാലും, ആത്യന്തികമായി രാ,ഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചുള്ളവയല്ല, ആത്മീയമായ ഒന്നുണ്ട്. ഗവൺമെന്റുകൾ, തീർച്ചയായും അവരുടെ ദൈവം നൽകുന്ന ചുമതലകൾ ആണ് പ്രധാനം. നാം, ദൈവജനം അവരെ അനുസരിക്കുവാനും അധികാരങ്ങൾക്കായി പ്രാർത്ഥിപ്പാനും കടപ്പെട്ടിരിക്കുന്നു (റോമ. 13:1, 1 തിമൊ. 2:1,2). എന്നാൽ അതേ സമയം നമ്മുടെ പ്രത്യാശയായി ഗവൺമെന്റിലേക്ക് നോക്കുവാൻ ദൈവവചനം പറയുന്നില്ല. കർത്താവ് ഒരുവനത്രേ നമ്മുടെ പ്രത്യാശ. യഹോവ എന്റെ ഓഹരി എന്ന് എന്റെ ഉള്ളം പറയുന്നു, അതുകൊണ്ട് ഞാൻ അവനിൽ പ്രത്യാശവെയ്ക്കുന്നു (വിലാ. 3:14). " ഞാൻ ദൈവത്തിന്റെ വചനത്തിൽ പ്രത്യാശ വയ്ക്കുന്നു, അവിടുത്തെ കരുണയിലും രക്ഷയിലും ഞാൻ പ്രത്യാശ വയ്ക്കുന്നു ". സങ്കീ.119:114, 119:166, 147:11).

എങ്കിൽ എന്റെ ജനം.....

ബന്ധപ്പെട്ട എല്ലാറ്റിലും ഈ വാഗ്ദത്തം 2 ദിന. 7:14. "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും ". എപ്പോഴാണ് കർത്താവ് നമ്മുടെ ദേശത്ത് വ്യത്യാസം അയയ്ക്കുന്നത്. നമ്മുടെ പ്രത്യാശ സ്വർഗ്ഗത്തിൽ നിന്നും കേട്ട് നമ്മുടെ പാപങ്ങളെ ക്ഷമിച്ച്, നമ്മുടെ ദേശത്തിന് സൗഖ്യ വരുത്തികൊടുക്കും! വീണ്ടും രാഷ്ട്രീയ പാർട്ടികൾക്കോ ഗവൺമെന്റിനോ ചെയ്യുവാൻ കഴിയുന്ന അവരുടെ ചുമതലയുണ്ട്, എന്നാൽ, നമുക്കാവശ്യമായ ആത്മീയ മാറ്റം, വ്യത്യാസം കൊണ്ടുവരുവാൻ സാദ്ധ്യമല്ല. കർത്താവിന് മാത്രമേ കഴിയൂ.

അതിന് എന്തു ചെയ്യുവാൻ നമുക്കു കഴിയും? നാം, അവിടുത്തെ ജനം, നമ്മെത്തന്നെ താഴ്ത്തി, പ്രാർത്ഥിച്ച് അവിടുത്തെ മുഖം അന്വേഷിച്ച്. തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയണം! ദൈവമക്കൾ എന്നുള്ള നിലയിൽ നാം നമ്മുടെ അവസ്ഥകളെ തിരിച്ചറിയേണം, നമ്മുടെ രാജ്യത്തിനുവേണ്ടി ഗവൺമെന്റ് ചെയ്യുന്നതിനെക്കാൾ മെച്ചമായി നമുക്ക് ചെയ്യുവാൻ കഴിയും. യേശു നമ്മെ ഓർപ്പിക്കുന്നതുപോലെ, നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു, ലോകത്തിന്റെ വെളിച്ചം ആകുന്നു[t#] " (മത്താ. 5:13-16).

അവസാന ദിനങ്ങൾ

ഈ വിളി എല്ലായ്പ്പോഴും ശ്രദ്ധേയമാണ്, കർത്താവിന്റെ മടങ്ങി വരവിന്റെ അവസാനദിനങ്ങളിൽ അത് പ്രത്യേകം ശ്രദ്ധേയമാണ്. അപ്പോസ്തലനായ പത്രോസ് എഴുതുന്നതുപോലെ, എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരും ആയിരിപ്പിൻ (1പത്രൊ. 4:7). പത്രോസ് ഇത് എഴുതുമ്പോൾ ഈ വചനങ്ങൾ ഈ കാലങ്ങളിൽ അതിപ്രാധാന്യമുള്ളതാണ്. സമയം വളരെ ചുരുക്കം ആണ്, സമയം അതി പ്രധാനമാണ്, കാത്തിരിക്കുക, പ്രാർത്ഥിക്കുക! നാം പോകുവാനുള്ള സമയമാണിത്, മോർദ്ദെഖായി എസ്ഥേറിനോട് ചോദിച്ചതുപോലെ, "നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യഹൂദന്മാർക്കു മറ്റൊരു സ്ഥലത്തു നിന്ന് രക്ഷയും ഉദ്ധാരണവും ഉണ്ടാകും, എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും" (എസ്ഥേ. 4:14). സാഹചര്യം വളരെ ഗൗരവതരം, എസ്ഥേർ അതിൻ പ്രകാരം പ്രതികരിക്കുകയാണുണ്ടായത്.

നോക്കുക, ആ വഴിയിൽ, എസ്ഥേർ തിരക്കിട്ട് ജനത്തിന്റെ ഇടയിലേക്കും രാജാവിന്റെ അടുത്തേയ്ക്കും പോയില്ല, എന്നാൽ കർത്താവിങ്കലേയ്ക്ക് നോക്കുവാൻ തുടങ്ങി. അവൾ മൊർദ്ദേഖായിയോട് പറഞ്ഞു. നീ ചെന്ന് ശൂശനിൽ ഉള്ള എല്ലാ യെഹൂദന്മാരെയും ഒന്നിച്ചുകൂട്ടി നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കു വേണ്ടി ഉപവസിപ്പിൻ, ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും, പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ " (4:16). ഈ താഴ്മയുടെ പ്രാർത്ഥന ശ്രദ്ധിക്കുവാൻ കർത്താവ് തയ്യാറായി, സമർപ്പണവും മദ്ധ്യസ്ഥതയും, മരണഭീതിയിൽ നിന്നും തന്റെ ജനത്തെ അവിടുന്ന് വിടുവിക്കാനിടയായി.

ആരെയും നിർഭാഗ്യവശാൽ, ഇതുപോലുള്ള ഘട്ടങ്ങളിൽ മദ്ധ്യസ്ഥതയ്ക്കായി ആരെയും കാണാൻ കഴിയാത്ത സാഹചര്യം കാണാൻ കഴിയും. യെശയ്യാവിന്റെ കാലഘട്ടത്തിൽ കർത്താവ് പക്ഷവാദം ചെയ്യാൻ ആരുമില്ലായ്കയാൽ ആശ്ചര്യപ്പെട്ടു (യെശ. 59:16). യെഹെസ്ക്കേലിന്റെ കാലത്ത്, കർത്താവ് അരുളിചെയ്തു, " ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിനു മതിൽകെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെയിടയിൽ അന്വേഷിച്ചു ആരെയും കണ്ടില്ലതാനും " (യെഹ. 22:30). ഈ ചോദ്യം ഈ കാലഘട്ടത്തിൽ നമ്മോടു ചോദിച്ചാൽ നമ്മത്തന്നെ താഴ്ത്തി, പാപത്തെവിട്ട്, പൂർണ്ണമായി തിരിഞ്ഞ് പ്രാർത്ഥനയിലും മദ്ധ്യസ്ഥതയിലും ഈ കാലഘട്ടത്തിൽ ദൈവത്തിനായി നില്ക്കേണ്ടത് ആവശ്യം.

ഈ എഴുത്തിനെക്കുറിച്ച്

മേൽപറഞ്ഞ എല്ലാ കാര്യങ്ങളും മനസ്സിൽ ഓർത്തുകൊണ്ട് പ്രാർത്ഥനയ്ക്കും ലക്ഷ്യപ്രാപ്തിക്കും ഈ ലേഖനം കാരണമാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. നമ്മുടെ ദൈവം കൃപയുള്ളവനാണ്, വിശ്വസ്തനാണ്, അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കും, നിന്റെ വചനത്തെ നമ്മിൽ നിവർത്തിച്ച് നമ്മുടെ സഭയിൽ ദേശത്ത് നമ്മെ പ്രയോജനപ്പെടുത്തും.

ഊന്നിപ്പറയുന്ന വേദഭാഗം, യെശ. 64:1,2 ഇങ്ങനെ വായിക്കുന്നു, " അയ്യോ ജാതികൾ തിരുമുമ്പിൽ വിറയ്ക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്ക് വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും തീ കൊണ്ട് വെള്ളം തിളയ്ക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം തീ ആകാശം കീറി ഇറങ്ങി വന്നെ

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ദൈവം ഇറങ്ങി വരുന്നു

ക്കവും ഉറക്കവും കൊണ്ടു വരും. നമ്മുടെ ശ്രദ്ധയെ അവൻ തിരിക്കും. പ്രാർത്ഥനയിൽ നിന്നും നമ്മുടെ ശ്രദ്ധയെ തിരിക്കുവാൻ ആകാശത്തിന് കീഴുള്ള എല്ലാ അടവുകളും പ്രയോഗിക്കും! നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി ഉണ്ടാകുമെന്നും, ലോകത്തിൽ നിങ്ങൾക്കുണ്ടാകുന്ന ഏതു പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്നും, ദൈവം തന്റെ ഉദ്ദേശമെല്ലാം നിവർത്തിയാക്കും എന്നും പിശാചിനറിയാം.

പ്രസംഗം ദൈവത്തിന്റെ പദ്ധതിയാണ്, അത്ഭുത കരമായ സ്ഥാനം അതിനുണ്ട്, ലോകത്തിൽ നല്ല പ്രസംഗിമാരുമുണ്ട്. കഠിനമായ പ്രാർത്ഥന അതിനെ രൂപപ്പെടുത്തിയെടുക്കുന്നു, പ്രാർത്ഥനയില്ലാതെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി നടക്കുകയില്ല, ഈ നാളുകളിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് നമുക്കാവശ്യം.

നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെങ്കിൽ, ദൈവത്തിനു വേണ്ടി ഏതു കാര്യവും ചെയ്യുവാൻ സാധിക്കും. വിശ്വാസത്തോടെയുള്ള പ്രാർത്ഥന വളരെ ഫലിക്കുന്നു. യേശു പറഞ്ഞു, “ നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയില്ല” (മത്താ. 17:21).

പിശാച് അത് അറിയുന്നു, യഥാർത്ഥ ആക്രമണം ദൈവജനത്തിനെതിരെ ഒരുക്കുന്നത്, അവരുടെ പ്രാർത്ഥനയ്ക്കു തടസ്സം ഇട്ടുകൊണ്ടാണ്. ദൈവത്തെ മുറുകെപിടിക്കുവാനോ, പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരിയിരിക്കുവാനോ അവൻ സമ്മതിക്കുകയില്ല.

ചുമതല

നമുക്കു ചുമതല വഹിക്കുവാൻ ദൈവമല്ലാതെ പിന്നെ ആരാണ് സ്വർഗ്ഗത്തിലുള്ളത്? നമുക്കു രക്ഷപ്പെട്ടു ഒഴിയുവാൻ സാദ്ധ്യമല്ല. നമുക്ക് അംഗീകരിക്കാതെ ഒഴിഞ്ഞുമാറുവാൻ നമുക്ക് കഴിയും, എന്നാൽ, ന്യായവിധി ദിവസത്തിൽ ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പിൽ നാം നില്ക്കും. അന്ന് സമയം കഴിഞ്ഞു പോയി എന്ന് പറയും. ദൈവശക്തിയാൽ പിടിച്ചെടുക്കേണ്ട അവസരം എന്നെന്നേയ്ക്കുമായി കഴിഞ്ഞുപോയി. മറ്റാർക്കു വേണ്ടിയും പകരം നില്ക്കാൻ നമുക്കു കഴിയുകയില്ല. നമ്മുടെ സ്വന്തം കാര്യം എന്ന നിലയിൽ നാം അത് ചെയ്യേണ്ടതാണ്.

നമുക്ക് ദൈവത്തിങ്കലേക്ക് നോക്കാം. ദൈവം ഇവിടെ എന്തുകൊണ്ട് ഇറങ്ങിവരുന്നില്ല എന്ന് നമുക്കു കണ്ടുപിടിക്കാം. കാരണം തന്റെ ജനം പിന്മാറ്റത്തിലായിരിക്കുന്നു, ആരും അവിടുത്തെ നാമത്തെ വിളിച്ചപേക്ഷിക്കുന്നതുമില്ല.

ഈ അനുഭവം ഭീകരമായ അവസ്ഥയാണ്. ഇത് ഒരു ആശയറ്റ അനുഭവത്തെ കാണിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് പ്രധാനപ്പെട്ട, ഉന്നതമായ ഒരു സ്ഥാനത്തു നിന്നും ആശയറ്റ ഒരു നിലയിലേക്ക് ആയിത്തീർന്നു എന്നാണ്. പ്രധാനപ്പെട്ട കാര്യം എന്നത്, യെശയ്യാവ് പറയുന്നു, “ആരും ദൈവത്തിങ്കലേയ്ക്ക് തങ്ങളെത്തന്നെ ഏല്പിച്ചില്ല”.

ഇവിടെ കാണുന്നത് പ്രാർത്ഥന എന്നത്, ഒരു പോരാട്ട സ്ഥലമാണ്, കാരണം ശത്രു എല്ലാം നശിപ്പിക്കുവാനായി ഒരുങ്ങി നില്ക്കയാണ്. അതിനായി പ്രാർത്ഥനയെ തടസ്സപ്പെടുത്തുവാൻ അവൻ ഒരുങ്ങി നിൽക്കുകയാണ്. അതുകൊണ്ട് ഒരു വ്യക്തി, തന്നെത്തന്നെ ദൈവത്തിങ്കലേക്ക് ഉയർത്തി പ്രാർത്ഥിച്ച് ശക്തമായി അവനെ എതിരിടേണ്ടതാണ്.

ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം

നാം ആളുകളെ കണ്ടെത്തി, ആഗ്രഹത്തോടെ പോരാടി പ്രാർത്ഥിപ്പാൻ അരെ നടത്തേണം. അവർ അങ്ങനെ ജയമെടുത്ത് പ്രാർത്ഥിക്കുന്നില്ലെങ്കിൽ, ദൈവം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന് തന്റെ സാന്നിദ്ധ്യം നമ്മുടെ നടുവിൽ വെളിപ്പെടുത്തുകയില്ല.

അതുകൊണ്ട് നമ്മുടെ പോരാട്ടം ഇവിടെത്തന്നെ നടക്കുന്നു. പോരാട്ടം നാം തമ്മിൽ തമ്മൽ പോരാട്ടം ജഡത്തിൽ ആയിരിക്കും, പരിണതഫലം നിഷ്ക്രിയവും ആസക്തിയും ഉദാസീനതയും ആയിരിക്കും.

എന്തിനോ വേണ്ടി നിങ്ങളെത്തന്നെ ഏല്പിക്കുക. ഇതിന്റെ അർത്ഥം ജഡത്തിന്റെ അഭിലാഷങ്ങൾക്കെതിരെ, നിങ്ങളുടെ ജഡത്തിന്റെ അഭിലാഷങ്ങൾക്കെതിരെ, ദൈവാത്മാവിന്റെ ആലോചനകൾക്കായി നടക്കണം അല്ലെങ്കിൽ ഇങ്ങനെയൊരു നിർദ്ദേശം ദൈവത്തിൽ നിന്നും ലഭിക്കണമെന്നില്ലല്ലോ.

ദൈവം യഥാർത്ഥമായി നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് സ്നേഹമുള്ള ഒരു ഹൃദയം, കർത്താവിന്റെ വേലയിൽ ഉത്സാഹമുള്ള ഹൃദയമത്രേ. സ്നേഹമുള്ള ഒരു ഹൃദയം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്, അവിടുന്ന് നമ്മോട് സഹകരിച്ച് പ്രവർത്തിക്കുവാനാണ്. നാം അത് നമ്മിൽത്തന്നെ ഏറ്റെടുത്ത് നാം തന്നെ ഏല്പിച്ചുകൊടുക്കേണം.

നാം ദൈവഹിതത്തിനായി സമർപ്പിക്കാതിരുന്നാൽ അവിടുത്തേയ്ക്കു നമ്മിൽ പ്രവർത്തിപ്പാൻ കഴികയില്ല. ദൈവസ്നേഹവും വിശ്വസ്തതയുമുള്ള ഹൃദയങ്ങളിൽ, അവിടുന്ന് പ്രസാദിച്ച് അവിടുത്തെ അനുഗ്രഹവും ശക്തിയും നമ്മിൽ പകർന്നു തരും.

ലോകമെമ്പാടുമുള്ള വിളിക്കപ്പെട്ട ദൈവജനം തങ്ങളെത്തന്നെ ഏല്പിച്ചു പ്രവർത്തിക്കുമ്പോൾ ദൈവത്തിന്റെ കരം അവരെ താങ്ങും. അങ്ങനെ നാം ചെയ്യുമെങ്കിൽ, സംശയത്തിന് ലേശവും ഇടയില്ലാതവണ്ണം ദൈവം ഇറങ്ങിവന്ന് തന്റെ സാന്നിദ്ധ്യം പകർന്ന് അനുഗ്രഹിക്കുന്നു.

അതുകൊണ്ട് നിങ്ങൾ ആരായിരുന്നാലും പ്രാർത്ഥനയുടെ അത്ഭുതകരമായ പ്രാധാന്യം അംഗീകരിക്കുക, ദൈവസാന്നിദ്ധ്യത്തിനു വേണ്ടി കരയുക, അതാണ് ദൈവസാന്നിദ്ധ്യം ഇറങ്ങിവരുവാനുള്ള ഏക വഴിയെന്ന് അംഗീകരിക്കുക, യഥാർത്ഥ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ, പ്രാർത്ഥനയിൽ ജയമെടുത്ത് ദൈവ സാന്നിദ്ധ്യത്തിനായി നമ്മെ ഏല്പിക്കണം. നിങ്ങൾ അങ്ങനെ ചെയ്താൽ ദൈവം തന്നെത്താൻ വെളിപ്പെടുത്തും.

ഒരു നിമിഷം ചിന്തിക്കുക, ദൈവകൃപയാൽ, നിങ്ങൾ യുദ്ധക്കളത്തിലേക്ക് ചെല്ലുക. ഈ നില്ക്കയിൽ നിങ്ങൾ ആരംഭിക്കുമ്പോൾ ശത്രുവിന്റെ ഭങ്കരമായ പോരാട്ടം പ്രതീക്ഷിച്ചുകൊണ്ട് അതെ ഒരു യഥാർത്ഥ പോരാട്ടം, അതിനുമുമ്പ് നമുക്കു കഴിയുന്ന നിലയിൽ ഒരു ശക്തമായ പ്രാർത്ഥന കഴിച്ച് മഹത്വകരമായി വിജയത്തിനായി മുന്നോട്ടു പോകുക.

എല്ലാ നിലയിലും ശത്രു നിങ്ങളെ വളയും എന്ന് പ്രതീക്ഷയോടെ മുന്നേറുക, സാദ്ധ്യമായ എല്ലാ നിലയിലും അവൻ നിങ്ങളെ എതിർക്കും, എല്ലാ വഴികളിലും നിങ്ങളെ തടയും, അവൻ നിങ്ങളെ അധൈര്യപ്പെടുത്തുവാൻ ശ്രമിക്കും. എന്നാൽ പ്രീയ സഹോദരാ, സഹോദരീ പ്രാർത്ഥിക്കുക! പോരാട്ടത്തെ നേരിടുക, അവസാനത്തോളം പോരാടുക!

ദൈവത്തിങ്കലേക്കു നോക്കുക, ദൈവകരം വെളിപ്പെടുംവരെ കാത്തിരിക്കുക! നിങ്ങൾക്ക് ഉറക്കമോ മയക്കമോ ഉണ്ടായാൽ നിങ്ങൾ ക്ക് അലച്ചിൽ ഉണ്ടായാൽ നിങ്ങളുടെ ജഡത്തിൽ ഒരു തീരുമാനം എടുക്കുക.

ദാനിയേലിനപ്പോലെ മുഖം ദൈവത്തിങ്കലേക്കു തിരിച്ച് സ്വന്തം ആത്മാവിൽ ഒരു തീരുമാനം എടുത്ത് ദൈവത്തിന്റെ പ്രവർത്തിക്കായി കാത്തിരിക്ക. ❖

(4-ാംപേജിന്റെ തുടർച്ച)

ആരാധന – യഥാർത്ഥ പ്രാർത്ഥനയുടെ മൂല തത്വം

ആ മാധുര്യമേറിയ കൂട്ടായ്മ, ആഴമായ അവരുടെ സ്നേഹം, ബഹുമാനത്തോടയുള്ള കൂട്ടായ്മ, അതെ അവരുടെ ആഴമായ സ്നേഹത്തിൽ തക്കവണ്ണം അവിടുത്തെ ആരാധിക്കുന്നു.

ഓരോ ആരാധനയിലും ഇങ്ങനെ പറയും, ജോർജ്ജ് ഹെർബർട്ട് തന്റെ ആരാധനകളിൽ ഇങ്ങനെ പാടാറുണ്ട്.

ഒരിക്കൽ ആലയത്തിലേക്ക് പ്രവേശിക്കുമ്പോൾ, പ്രത്യക്ഷമാക്കുക;

ദൈവം നിന്നെക്കാൾ അധികം, നീ അവിടെ

അവിടുത്തെ സമ്മതം ഞാൻ മാത്രം. എന്നിട്ട് ബോധവാൻ ആകുക,

നിങ്ങളെത്തന്നെ തന്റെ സന്നിധിയിൽ ബഹുമാനവും ദയവുമുള്ളവരാക്കുക,

ഒരിക്കലും നശിക്കാത്ത ഉറവിടത്തിനരികെ; നിന്റെ നിലവിടുക,

എല്ലാം സമത്വം സഭയുടെ വാതിലുകൾക്കകത്ത്.

ബുദ്ധിയുള്ള മനുഷ്യൻ പറയുന്നു, “ദൈവാലയത്തിലേക്ക് പോകുമ്പോൾ കാൽ സൂക്ഷിക്ക; മൂഢന്മാർ യാഗം അർപ്പിക്കുന്നതിനേക്കാൾ അടുത്തുചെന്ന് കേൾക്കുന്നത് നല്ലത്; പരിജ്ഞാനമില്ലായ്കയാലല്ലോ അവർ ദോഷം ചെയ്യുന്നത്. അതിവേഗത്തിൽ ഒന്നും പറയരുത്. ദൈവസന്നിധിയിൽ ഒരു വാക്കു ഉച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്; ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലുമല്ലോ; ആകയാൽ നിന്റെ വാക്കു ചുരുക്കമായിരിക്കട്ടെ” (സഭ.പ്രസംഗ. 5:1,2)

ഉന്നതജീവിതനിലവാരങ്ങൾക്കുവേണ്ടി നാം ബദ്ധപ്പെടുകയാണ് എങ്കിൽ, ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ച് നമുക്കു അറിവുണ്ടായിരിക്കേണം, നമുക്കു ദൈവവുമായി ഒരു ഉടമ്പടി ഉണ്ടായിരിക്കേണം, അത് ദൈവത്തിന്റെ വെളിപ്പാട് ആയിരിക്കണം. പഴയകാലത്തെപ്പോലെ നാം നമ്മെ വിധേയപ്പെടുത്തി നമ്മുടെ സ്ഥാനം കാക്കുക. കർത്താവായ യേശു അവരെ പഠിപ്പിച്ചതുപോലെ അവിടുത്തെ വിളിച്ചപേക്ഷിക്കേണം. “നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ” (മത്താ. 6:9). ഈ സമയം അങ്ങനെ ബഹുമാനമില്ലായ്മകാണിച്ചാൽ, ദുർദിവസത്തിൽ നമുക്കു എതിർത്തു നില്പാൻ കഴികയില്ല.

അതുകൊണ്ട് പ്രിയവിശ്വാസികളേ, നമുക്ക് ദൈവത്തോടു അടുത്തുചെല്ലാം ,ദൈവത്തിന് പ്രധാന സ്ഥാനം കൊടുക്കാം. “ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ” (എബ്രാ. 12:28,29). ❖

(5-ാംപേജിന്റെ തുടർച്ച)

ആശ്രയിപ്പാനും.....

“അവൻ നിങ്ങൾക്ക് കൃപയുള്ളവനായിരിക്കും”. നിങ്ങൾക്ക് പ്രത്യേക സുരക്ഷിതത്വം ആവശ്യമുണ്ടോ? അത് നിങ്ങൾക്കു കിട്ടും. വരൂ ദു:ഖിക്കുന്ന പാപിയേ, അവിടെ ധാരാളം പാപക്ഷമയുണ്ട്. വേദനപ്പെടുന്ന ഒരുവനാണോ, അവിടെ ധാരാളം ആശ്വാസമുണ്ട്. അലയുന്ന വ്യക്തിയേ വരിക, ഇവിടെ സമ്പൂർണ്ണ ആശ്വാസമുണ്ട്, നിങ്ങൾ ആവശ്യഭാരങ്ങളിലായിരിക്കുന്നുവോ, ഇവിടെ ധാരാളം നന്മയുണ്ട്.

സ്നേഹത്തിന്റെ നദികൾ ഉണ്ട്, ഇവിടെ കരുണയും
സമൃദ്ധിയുടെ സമുദ്രമുണ്ട് അതിൽ ചേരുക;
രക്ഷ സമൃദ്ധിയായി ഒഴുകുന്നു.
പാലും തേനും സമൃദ്ധിയായി ഒഴുകുന്നു.
വേദപുസ്തകം നൽകുന്ന ഉറപ്പു കരുണയുള്ള ദൈവത്തിന്റെ പ്രകൃതിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.
അത് തടസ്സം കൂടാതെ നമ്മുടെമേൽ പകരപ്പെടുന്നു.

പ്രാർത്ഥനയുടെ പ്രചാരം

അടുത്തതായി അടിസ്ഥാനപ്പെട്ട് പറയുന്നത് പ്രാർത്ഥനയുടെ പ്രചാരം എന്നതിനെക്കുറിച്ചാണ്. നിന്റെ നിലവിളിയുടെ മുമ്പിൽ അവിടുന്ന് നിന്നോടു കരുണകാണിക്കുന്നു. പ്രാർത്ഥിക്കുവാനായി കൊടുത്തിരിക്കുന്ന അനുവാദത്തിൽ അത്ഭുതമുണ്ടോ? പ്രാർത്ഥിക്കുവാൻ ദൈവം അവസരം തന്നിരിക്കുമ്പോൾ പ്രാർത്ഥിക്കാതിരിക്കുന്നത് ഏറെ അത്ഭുതമാണ്. മനുഷ്യന്റെ ശബ്ദം കേൾക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നത് വളരെ അത്ഭുതമാണ്.

ഇപ്പോൾ, നാം അറിയുന്നു, നമ്മൾ പരിശ്രമം ചെയ്യുമ്പോൾ, അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നു, പോയി നിങ്ങളുടെ ദൈവത്തെ പരിശോധിച്ചു നോക്കുവിൻ, നിങ്ങളുടെ പ്രാർത്ഥനയുടെ ശബ്ദം കേൾക്കുവാൻ അവിടുന്ന് എത്ര കൃപയുള്ളവനാണ്. ദൈവം ഒരു കൃപാസനം നമുക്കായി ഒരുക്കിയിരിക്കുന്നു. ഉത്തരം തരിക, സംശയിക്കുന്ന വ്യക്തിയേ ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കുവാൻ ഒരുക്കിയിരിക്കുന്ന ദൈവത്തിന്റെ കൃപസാനമല്ലയോ? നമ്മുടെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി തന്റെ ഏകജാതനായ പുത്രന്റെ രക്തം തളിച്ച കൃപാസനമാണ് നമുക്കായി ഒരുക്കിയിരിക്കുന്നത്. തുല്യം പറയുവാൻ കഴിയാത്ത രക്തം നമുക്കുവേണ്ടി ചൊരിഞ്ഞു. അടുത്തുവരുന്ന പാപിയെ അവിടുന്ന് ഉപേക്ഷിക്കുമോ? അതിനോടുകൂടെ പ്രാർത്ഥനയിൽ നമ്മെ സഹായിപ്പാനായി ദൈവം തന്റെ വാഗ്ദത്തിൻ പരിശുദ്ധാത്മാവിനെ നമുക്കു നൽകി, നമ്മുടെ ബലഹീനതയിൽ നമ്മെ താങ്ങുവാൻ, കാരണം എങ്ങനെ പ്രാർത്ഥിക്കേണം എന്ന് നമ്മൾ അറിയുന്നില്ലല്ലോ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇന്നും നമ്മെ താങ്ങുന്നില്ലയോ? തന്റെ സൃഷ്ടിയുടെ നിലവിളികേൾക്കുവാൻ അവിടുന്ന് സന്തോഷിക്കുന്നു. നിങ്ങളുടെ വാക്കുകൾ മുറിഞ്ഞുപോകുന്നതോ തമ്മിൽ ചേർച്ചയില്ലാത്തതോ ആയിരിക്കാം, കൊച്ചുകുട്ടികളുടെ നിലവിളികേൾക്കുവാൻ തന്റെ പിതാവ് ചെവിചായ്ക്കുന്നതുപോലെ, കൂട്ടിൽ വിശന്നിരുന്നു ആഹാരത്തിനായി നിലവിളിക്കുന്ന പക്ഷിക്കുഞ്ഞിനെപ്പോലെ, കരയുന്ന കാക്കക്കുഞ്ഞിന്റെ നിലവിളികേൾക്കുവൻ, അവ്യക്തമായ ഞരക്കങ്ങളാൽ, നിങ്ങളുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ പകരുവിൻ.

അവിടുന്ന് ഉത്തരമരുളും, വളരെ വേഗത്തിൽ. അവിടുന്ന് കേൾക്കുമ്പോൾ ഉത്തരം അരുളും. തിരുവചനം ഇങ്ങനെ പറയുന്നു; അവിടുന്ന് ഇങ്ങനെ പറഞ്ഞിട്ടില്ലേ?. അവർ വിളിക്കും മുമ്പേ ഞാൻ ഉത്തരമരുളും; അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാൻ കേൾക്കും (യെശ. 65:24). എവിടെ കൃപയുടെ സത്യമായ പ്രാർത്ഥനഹൃദയത്തിലുണ്ടോ,. അത് അർപ്പിക്കുന്നതിനുമുമ്പ് തന്നെ അവിടുന്ന് കേൾക്കും, ആ വിധത്തിൽ നമ്മുടെ പ്രാർത്ഥന കേൾക്കുവാൻ നമ്മുടെ ദൈവം ഒരുങ്ങിയിരിക്കുന്നു. ഒരുവൻ ദൈവകൃപയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ, നമ്മുടെ പ്രാർത്ഥനയ്ക്ക് ചെവിചായ്ച്ച് ഉത്തരം അരുളുന്നു. ഇത് നമ്മെ ധൈര്യപ്പെടുത്തട്ടെ. ദൈവം നമുക്കു വേണ്ടി കൃപയോടെ കാത്തിരിക്കുന്നു. അവിടുത്തെ പ്രാകാരങ്ങളിൽ, നമ്മോടുകൂടെ എപ്പോഴും നമുക്കായി ജീവിക്കുന്നു, ഹൃദയംഗമായി നമുക്ക് നിലവിളിക്കാം. പിതാവേ എന്നെ രക്ഷിക്കേണമേ. സഹായിക്കേണമേ, ഇപ്പോൾ. ❖

(6-ാംപേജിന്റെ തുടർച്ച)

രാജ്യത്തിനുവേണ്ടിയുള്ള.....ഉറവിടം

ങ്കിൽ കൊള്ളാമായിരുന്നു. വീണ്ടും നാലാം വാക്യത്തിൽ ഇങ്ങനെ വായിക്കുന്നു. “നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തക്കുന്നത് പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ട് കണ്ടിട്ടുമില്ല”. ❖

ഉണർവ്വിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കുക

By W.C.Moore

യോശുവയ്ക്കും കാലേബിനും ദൈവത്തിൽ വിശ്വാസം ഉണ്ടായിരുന്നു. അവർ വാഗ്ദത്ത ദേശത്തേയ്ക്കു പ്രവേശിച്ചു. യേശു ഇങ്ങനെ പറഞ്ഞു. “ നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ ” (മത്താ. 9:29). കനാൻ ദേശത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദത്തം, പാലും തേനും ഒഴുകുന്ന ദേശം, യിസ്രായേലിനോടുള്ള വാഗ്ദത്തം, എന്നാൽ അവരുടെ അവിശ്വാസം ഹേതുവായി അതിലേക്ക് പ്രവേശിപ്പാൻ അവർക്ക് കഴിഞ്ഞില്ല.

യോശുവയും കാലേബും പൂർണ്ണമായി ദൈവത്തിൽ വിശ്വസിച്ചു, അവർ ദൈവത്തോട് ചേർന്നു നടന്നു. വാഗ്ദത്ത ദേശത്ത് കടക്കുവാനുള്ള സമയം വന്നപ്പോൾ അവർ അതിന് തയ്യാറായിരുന്നു. ദൈവം അവർക്കു വാഗ്ദത്തം ചെയ്തതിനെ നൽകും എന്ന് അവർ ദൈവത്തെ വിശ്വസിച്ചു. അവരുടെ മനസും ഹൃദയവും ദൈവത്തിൽ ഉറച്ചു നിന്നു, മറ്റു വ്യവസ്ഥകളെയോ സാഹചര്യങ്ങളെയോ, ആളുകളെയോ അവർ നോക്കിയില്ല.

നൂറ്റിരുപതുപേർ പെന്തെക്കൊസ്തിനു മുമ്പ് ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം കാത്തിരുന്നു. ദൈവത്തിന്റെ ആത്മാവ് നമ്മിൽ അനേകരെ ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കുവാൻ നയിക്കുന്നു. ദൈവാത്മാവിന്റെ ആലോചനയെ പിൻതുടരാം, വിശ്വാസത്തോടെ കർത്താവിനായി കാത്തിരിക്കാം. നമുക്ക് പരസ്പരം പ്രബോധിപ്പിക്കാം. പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഈ ദിവസങ്ങളിൽ ഒരു ദൈവപ്രവൃത്തി ഉണ്ടാകും എന്ന് വിശ്വസിക്കാം.

യേശു നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനും ആകുന്നു. ഇതിനെ നമുക്ക് ഓർമ്മിക്കാം. മറ്റുള്ളവർ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. എന്നതു കൊണ്ട് നമുക്ക് ആയിക്കൂടാ? ദൈവം വിശ്വസ്തൻ. തന്റെ വാഗ്ദത്തങ്ങൾ നിശ്ചമാണ്. വിശ്വസിക്ക മാത്രം ചെയ്യാം.

യഥാർത്ഥത്തിൽ ഗിദെയോന്റെ ഉണർവ്വിൽ ആവശ്യമായിരുന്നത്, നൂറ്റിരുപതുപേർ ദൈവത്തിൽ വിശ്വസിച്ചു, മൂന്നു വീരന്മാർ സൈന്യത്തിൽ നിന്നും കടന്നു വന്നു, ഇന്നല്ല ഫെലിസ്ത്യരുടെ പടയുടെ നടുവിൽ, അന്ധകാരത്തിന്റെ സൈന്യത്തിന്റെ നടുവിൽ, ജീവന്റെ ജലം കോരി, പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്ക്, നമ്മുടെ ഇടയനായ രാജാവ് പകർന്നു തരും (2ശമു. 23:16, എഫെ. 6:12).

യോശുവയും കാലേബും ചെയ്തതുപോലെ വഴികാട്ടികളെ ആവശ്യമുണ്ട്. അവർ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ വിശ്വസിച്ചു. ഉപദേശ വിഷയമായി അന്യോന്യം തർക്കവും വാദവുമുപേക്ഷിച്ച്, ഐകമത്യപ്പെട്ട് മഴയ്ക്കായി പ്രാർത്ഥിക്കാം, തന്റെ വഴികൾക്കായി, നമ്മെ ഒന്നാക്കുന്ന ആത്മാവിന്റെ ഒരു വലിയ ഉണർവ്വിനായി പ്രാർത്ഥിക്കാം (യോഹ. 17:21,20)

❖

പ്രാർത്ഥന ഉണർവ്വ് കൊണ്ടുവരുന്നു

By Ernest Wadsworth

“ ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു. വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു; തനിക്കുള്ളത് ഒന്നും സ്വന്തം എന്ന് ആരും പറഞ്ഞില്ല. സകലവും അവർക്ക് പൊതുവായിരുന്നു. അപ്പോസ്തലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം വഹിച്ചു പോന്നു; എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു ” (പ്രവൃ. 4:31-33).

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന തികച്ചും മറ്റുള്ള പ്രാർത്ഥനകളിൽ നിന്നും വ്യത്യസ്തമാണ്. എണ്ണമറ്റ ഉദാഹരണങ്ങൾ ഇങ്ങനെയുള്ള ശക്തമായ പ്രാർത്ഥനകൾക്കു ദാഹരണമായി വേദപുസ്തകത്തിലുണ്ട്. അവയിൽ നാം ശ്രദ്ധിച്ചാൽ വസ്തുതകൾ അവ്യക്തമാണ്. അവയിൽ ദൈവത്തിന്റെ കരങ്ങളെ ചലിപ്പിക്കുവാൻ ഒരു പ്രത്യേക ശക്തിയുള്ളതായി കാണാം. പെന്തെക്കോസ്തിൽ ശക്തി അതാണ്. അവർ പ്രാർത്ഥനയിൽ ദൈവവുമായി ആലിംഗനം ചെയ്തു. ആവശ്യം വലുതാണ്. ദൈവവുമായുള്ള ഐക്യത കൂടുതൽ മാധുര്യമാക്കുന്നു. അത് കൂടുതൽ മദ്ധ്യസ്ഥതയ്ക്ക് കാരണമായിത്തീരുന്നു. ആത്മാവിന്റെ ആഗ്രഹങ്ങളെ വ്യക്തമാക്കുന്നു. അവർ സ്വർഗ്ഗത്തെ പിടിച്ചു കുലുക്കി അനുഗ്രഹങ്ങളെ പിടിച്ചെടുത്താൽ അതിൽ അത്ഭുതമുണ്ടോ?

ഏലിയാവിന്റേത് ഇത്തരത്തിലുള്ള പ്രാർത്ഥനയായിരുന്നു. ഉണർവ്വിന്റെ അനുഗ്രഹങ്ങൾ വ്യാപരിച്ച പ്രാർത്ഥന. അദ്ദേഹം പറഞ്ഞു, “ യഹോവേ എനിക്കുത്തരം അരുളേണമേ. നീ ദൈവം തന്നെ യഹോവേ, “ നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ച് എന്ന് ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരം അരുളേണമേ എന്ന് പറഞ്ഞു. ഉടനെ യഹോവയുടെ തീ ഇറങ്ങി.....” (1രാജാ 18:37,38).

എസ്രായുടെ ഉണർവ്വിന്റെ പ്രാർത്ഥന രാജ്യത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടിയുള്ളത് ആയിരുന്നു. പുരോഹിതന്മാരും ആളുകളെല്ലാവരും ദേശത്തിലെ പുത്രന്മാർക്കും പുത്രിമാർക്കും വേണ്ടി പ്രാർത്ഥിച്ചു. വിശുദ്ധ സന്നിധി തെറ്റിപ്പോയി. രാജകുമാരന്മാരും പ്രമാണികളും ഒരു പോലെ അകൃത്യത്തിൽ വീണു. എസ്രാ പ്രാർത്ഥിച്ചു. “ എന്റെ ദൈവമേ എന്റെ മുഖം എന്റെ ദൈവമായ നിങ്കലേയ്ക്ക് ഉയർത്തുവാൻ ഞാൻ ലജ്ജിച്ചു നാണിച്ചിരിക്കുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളുടെ തലയ്ക്കു മീതെ പെരുകി കവിഞ്ഞിരിക്കുന്നു; ഞങ്ങളുടെ കുറ്റം ആകാശത്തോളം വളർന്നിരിക്കുന്നു. എസ്രാ ഇങ്ങനെ ദൈവാലയത്തിന് മുമ്പിൽ വീണു കിടന്ന് കരഞ്ഞു പ്രാർത്ഥിക്കയും ഏറ്റുപറകയും ചെയ്തപ്പോൾ പുരുഷന്മാരും സ്ത്രീകളും പൈതങ്ങളുമായി യിസ്രായേല്യരുടെ ഏറ്റവും വലിയ ഒരു സഭ അവന്റെ അടുക്കൽ വന്നു കൂടി; ജനവും വളരെ കരഞ്ഞു. അപ്പോൾ ഏലാമിന്റെ പുത്രന്മാരിൽ ഒരുവനായ യഹീയേലിന്റെ മകൻ ശെഖന്യാവു എസ്രായോടു പറഞ്ഞത്, നാം ദൈവത്തോടു ദ്രോഹം ചെയ്തു ദേശനിവാസികളിൽ നിന്ന് അന്യജാതിക്കാരത്തികളെ വിവാഹം ചെയ്തിരിക്കുന്നു. എങ്കിലും ഈ കാര്യത്തിൽ യിസ്രായേലിനുവേണ്ടി ഇനിയും പ്രത്യാശയുണ്ട്; ഇപ്പോൾ ആസ്ത്രീകളെയൊക്കെയും അവരിൽ നിന്നു ജനിച്ചവരേയും യജമാനന്റേയും നമ്മുടെ ദൈവത്തിന്റെ കല്പനയിങ്കൽ വിറയിക്കുന്നവരുടെയും നിർണ്ണയപ്രകാരം നീക്കിക്കളയുവാൻ നമ്മുടെ ദൈവത്തോടു നാം ഒരു നിയമം ചെയ്യുക. അത് ന്യായപ്രമാണത്തിന് അനുസാരമായി നടക്കട്ടെ....” (എസ്രാ. 9:6; 10:1-3) ദൈവം അവരെ രക്ഷിക്കുവാനിടയായി.

പെന്തെക്കോസ്തു നാളിലെ ഉണർവ്വിനു ശേഷം രണ്ടാമതൊരു പെന്തെക്കോസ്തു ഉണർവ്വിനുവേണ്ടി

(ശേഷം 10-ാംപേജിൽ)

(9-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന ഉണർവ്വ് കൊണ്ടുവരുന്നു.

അപ്പോസ്തലന്മാർ ഐകമത്യപ്പെട്ട് പ്രാർത്ഥിച്ചു. “അതു കേട്ടിട്ടു അവർ ഒരുമനപ്പെട്ട് ദൈവത്തോട് നിലവിളിച്ചു പറഞ്ഞത്. ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ നാഥനേ.... ഇപ്പോഴോ കർത്താവേ, അവരുടെ ഭീഷണികളെ നോക്കേണമേ. സൗഖ്യമാക്കുവാൻ നിന്റെ കൈനീട്ടുന്നതിനാലും നിന്റെ ദാസനായ യേശുവിന്റെ നാമത്തിൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണ്ണ ധൈര്യത്തോടും കൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നൽകേണമേ. ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി, എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു”(പ്രവൃ. 4:24; 29-31).

ശ്രദ്ധേയമായ ചില ഉണർവ്വിന്റെ ശക്തിയായ പ്രാർത്ഥനകൾ ശ്രദ്ധിക്കാം

1. ഉണർവ്വിന്റെ പ്രാർത്ഥനകൾ ഞരക്കത്തിന്റെ പ്രാർത്ഥനയായിരുന്നു. ഇപ്രകാരമുള്ള പ്രാർത്ഥന യിസ്രായേൽ അടിമകളായിരുന്നപ്പോൾ നമുക്കു കാണാൻ കഴിയും. അവർ ദൈവത്തോട് നിലവിളിച്ചു (പുറ. 2:24). ഇത് ആചാരപരമായ ഒരു പ്രാർത്ഥനയായിരുന്നു. ശമുവേൽ അവസാനമായി യിസ്രായേലിനോടു സംസാരിക്കുമ്പോൾ ഇതു കാണുന്നു. അവൻ പറയുന്നു, “യാക്കോബ് മിസ്രയീമിൽ ചെന്നു പാർത്തു; അവിടെ വച്ചു നിങ്ങളുടെ പിതാക്കന്മാർ യഹോവയോട് നിലവിളിച്ചപ്പോൾ യഹോവ മോശയെയും അഹരോനെയും അയച്ചു. അവർ നിങ്ങളുടെ പിതാക്കന്മാരെ മിസ്രയീമിൽ നിന്നും കൊണ്ടു വന്ന് ഈ ദേശത്ത് പാർക്കുമാറാക്കി” (1ശമു. 12:8).

എപ്പോഴെല്ലാം തന്റെ ഭക്തന്മാർ തങ്ങളുടെ കഷ്ടതയിൽ ദൈവത്തോട് നിലവിളിച്ചുവോ, അപ്പോഴെല്ലാം അവർക്കു സഹായകരം നീട്ടി. “ഇങ്ങനെയുള്ളത് ആർ കണ്ടിട്ടുള്ളൂ? ഒരു ദേശം ഒരു ദിവസം കൊണ്ട് പിറക്കുമോ? ഒരു ജാതി ഒന്നായിട്ടു തന്നെ ജനിക്കുമോ? സീയോനോ നോവു കിട്ടിയ ഉടനെ തന്നെ മക്കളെ പ്രസവിച്ചിരിക്കുന്നു” (യെശ. 66:8). ആത്മാവ് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു” (റോമ. 8:26).

2. ഉണർവ്വിന്റെ പ്രാർത്ഥനകൾ പലപ്പോഴും ലജ്ജാപൂർണ്ണമായിരിക്കും. എസ്രാ ഇങ്ങനെ പ്രാർത്ഥിച്ചു. “എന്റെ ദൈവമേ, ഞാൻ എന്റെ മുഖം എന്റെ ദൈവമായ നിങ്കലേയ്ക്ക് ഉയർത്തുവാൻ ലജ്ജിച്ച് നാണിച്ചിരിക്കുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളുടെ തലക്കുമീതെ കവിഞ്ഞിരിക്കുന്നു.; ഞങ്ങളുടെ കുറ്റം ആകാശത്തോളം വളർന്നിരിക്കുന്നു” . (എസ്രാ. 9:6). തന്റെ പാപങ്ങൾ ലജ്ജയോടെ ഏറ്റു പറഞ്ഞു. ഇത് ശരിയായ കൂട്ടായ്മക്കുവേണ്ടിയുള്ള ഒരു ഏറ്റുപറച്ചിൽ ആണ്. പ്രാർത്ഥന ഒരു അനുതാപമുള്ള ഹൃദയത്തിൽ നിന്നും വരുന്നു, ദൈവനാമത്തിന്റെ മഹത്വത്തിനായി ലജ്ജാ പൂർണ്ണനായി, താഴ്മയോടെ അർപ്പിക്കുന്നു. ദൈവം അത് തള്ളിക്കളയുന്നില്ല.

3. ഉണർവ്വിന്റെ പ്രാർത്ഥനകൾ മിക്കവാറും താഴ്മയുടെ പ്രാർത്ഥനയാണ്. അകൃത്യത്തിന്റെ കാഴ്ചപ്പാടിൽ, ശക്തി നഷ്ടപ്പെട്ട്, കഴിവില്ലായ്മയിൽ, മത്സരമില്ലാതെ, ദൈവത്തിൽ ആശ്രയിച്ച് അപകടവേളയിലെ മുന്നറിയിപ്പായി, ദൈവമുമ്പിൽ ഏതുമില്ല എന്ന് സമർപ്പിക്കുന്ന പ്രാർത്ഥന. ഇത് ഒരു ശരിയായ മനോഭാവത്തിൽ ഉള്ള പ്രാർത്ഥനയാണ്. നമ്മുടെ കർത്താവ് ഗത്സമനയിൽ ഇങ്ങനെ പ്രാർത്ഥിച്ചു. (മത്താ. 26:39). തലകളെ ദൈവസന്നിധിയിൽ വണക്കുമ്പോൾ ഉണർവ്വ് നമുക്ക് സമീപെയാണ്.

4. ഉണർവ്വിന്റെ പ്രാർത്ഥനകൾ പാപപരിഹാരയാഗത്തെ അടിസ്ഥാനമാക്കിയിരിക്കുന്നു. അവ കർത്താവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഉണർവ്വിന്റെ പ്രാർത്ഥനകൾ കർത്താവിന്റെ വീണ്ടെടുപ്പിൻ വേലയോടുള്ള ബന്ധത്തിൽ കീഴ്പ്പെട്ടിരിക്കുന്നു. അവ കാൽവറിയിലെ നേട്ടങ്ങളെ വിളിച്ചപേക്ഷിക്കുന്നു. “സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? (റോമ. 8:32). കർത്താവിന്റെ പാപപരിഹാരയാഗത്തിന്റെ അടിസ്ഥാനത്തിൽ വരാൻ പോകുന്ന ഉണർവ്വിനു വേണ്ടി നാം പ്രാർത്ഥനയിൽ ജയമെടുക്കേണം.

5. ഉണർവ്വിന്റെ പ്രാർത്ഥനകൾ കല്പനകളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. പുതിയ നിയമ കല്പന നിഷ്ക്രിയമല്ല. അത് മാറ്റമില്ലാത്തത്. അതുകൊണ്ട് വിശുദ്ധന്മാർ ഇവ ഇഷ്ടപ്പെടുകയും അനന്തരഫലങ്ങൾ സ്വർഗ്ഗീയ കോടതിയിൽ ശരിയായ വാദങ്ങൾ ആയിരിക്കുകയും ചെയ്യും. പുതിയ കല്പനകൾ എല്ലായ്പ്പോഴും പ്രവേശിപ്പാനുള്ള താക്കോൽ ആണ്, അതിലൂടെ ഉണർവ്വിന്റെ വാതിലുകൾ എപ്പോഴും വിശ്വാസത്താൽ തുറന്നിരിക്കുന്നു.

6. ഉണർവ്വിന്റെ പ്രാർത്ഥനകൾ ഐക്യതയുടെ പ്രാർത്ഥനകളാണ്. ഐക്യതയും പരസ്പര ധാരണയും ഉണർവ്വിന്റെ അടിസ്ഥാന ഘടകമാണ്. ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം ലഭിച്ചിരിക്കുന്നു ഉണർവ്വുകാരും നവീകരണക്കാരും ഈ സത്യം മനസ്സിലാക്കിയിരിക്കുന്നു. യോനാഥാൻ, എഡ്വേർഡ്, ന്യൂ ഇംഗ്ലണ്ടിന്റെ ഉണർവ്വിന്റെ പിതാവ്, ആത്മാക്കൾക്കുവേണ്ടി ജാഗരിച്ച് ഉണർവ്വിനായി ദൈവത്തോട് പ്രാർത്ഥിച്ചു. അദ്ദേഹം ദൈവജനത്തിന്റെ യിടയിൽ ഒരു വിളബരം പ്രസിദ്ധമാക്കി. “കടന്ന് വന്ന് കല്പനകളിൽ നിലനിന്ന് അവിടുത്തെ വാഗ്ദത്തങ്ങൾക്കായും ഉണർവ്വിനായും ഒന്നിച്ച് ഒരുമനപ്പെട്ടു കടന്നുവരുവാൻ ജനത്തെ ആഹ്വാനം ചെയ്തു. ദേശത്തുടനീളം പ്രയർഗ്രൂപ്പുകൾ വിളിച്ചു കൂട്ടി. ആത്മാവ് തന്റെ ജനത്തിന്മേൽ വന്നു. രാത്രി മുഴുവനും പ്രാർത്ഥനകളിൽ കഴിച്ചുകൂട്ടി. വിശ്വപ്രസിദ്ധമായ പ്രസംഗത്തിന് പ്രാധാന്യം നൽകി, “പാപികൾ ദൈവകോപത്തിന്റെ കരങ്ങളിൽ, അവരുടെ സമൂഹം രാത്രികാലങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തി.

നാം എല്ലാവരും ആത്മാക്കൾക്കുവേണ്ടി ജാഗരിക്കുക. ദൈവമുമ്പാകെ തലകളെ വണക്കി പ്രാർത്ഥിച്ചു. ഉറച്ച നിലവിളിയോടും പ്രാർത്ഥനയോടും ദൈവത്തെ അന്വേഷിക്കുവാനുള്ള സമയം. സഭ ദൈവമുമ്പിൽ തന്നെത്താൻ താഴ്ത്തി, ദുഷ്ടൻ പ്രബലനായിരിക്കുന്നു, അനേകം യുവജനങ്ങൾ വഴിതെറ്റി നടക്കുന്നു, ദൈവദാസന്മാർ കോപപാത്രങ്ങളായി, ശത്രുക്കൾ സഭയെ കളിയാക്കുന്നു, ദുഷ്ടത വാഴുന്നു. സമാനമായ അവസ്ഥയിൽ ദാനിയേൽ ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവമുഖം അന്വേഷിച്ചു. ദൈവത്തിന്റെ പ്രവർത്തിക്കായി കാത്തിരിക്കാം. നാം ദൈവത്തിന്റെ ശക്തമായ പ്രവർത്തി കാണും, ശക്തമായ പ്രാർത്ഥന ഉയരുമ്പോൾ വീടുകളിൽ, ആരാധനകളിൽ പൊതു പ്രാർത്ഥനകളിൽ ശക്തമായ പ്രാർത്ഥനകൾ ഉയരട്ടെ, ആത്മാക്കൾക്കു

(ശേഷം 11-ാം പേജിൽ)

(10-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന ഉണർവ്വ് കൊണ്ടുവരുന്നു.

വേണ്ടി ജാഗരിക്കുമ്പോൾ ദൈവം ആത്മാക്കളെ തരും.

7. ഉണർവ്വിന്റെ പ്രാർത്ഥനകൾ സ്വാർത്ഥതയില്ലാത്തതാണ്. ദൈവത്തിന്റെ നാമത്തിന്റെ മഹത്വവും, സഭയുടെ ആത്മിക ഭൗതിക അനുഗ്രഹങ്ങളും ലോകത്തിന്റെ നന്മയും മാത്രം അന്വേഷിക്കുന്നു. സ്നേഹം സ്വാർത്ഥത അന്വേഷിക്കുന്നില്ല. ആത്മാക്കൾക്കു വേണ്ടി തങ്ങളുടെ പേരിനെ പുസ്തകത്തിൽ നിന്നൊഴിവാക്കാൻ, അവരോടുകൂടി നശിക്കുവൻ ഏല്പിക്കുന്ന മോശെയെയും പൗലൊസിനെയും കാണാം (പുറ. 32:32, ഖമര. 9:3). നമുക്കു പറയാൻ കഴിയുമോ, “ ഞങ്ങൾക്കല്ല യഹോവേ, ഞങ്ങൾക്കല്ല, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നെ മഹത്വം വരുത്തേണമേ ” (സങ്കീ. 115:1). നമ്മുടെ പ്രാർത്ഥന ഇപ്രകാരമാണോ?

പഴയകാലങ്ങളിൽ ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥനകൾ ആയിരുന്നു. നമ്മുടെ പ്രാർത്ഥനകൾ ഇപ്രകാരമുള്ള പ്രാർത്ഥനകളായിത്തീരട്ടെ, നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥനകളും ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥനകളും ഇപ്രകാരമായിരിക്കട്ടെ. ആത്മാവ് ഇഷ്ടമുള്ള വഴിയിൽ നമ്മെ നടത്തട്ടെ. മോശെയെപ്പോലെ ഇടിവിൽ നില്ക്കാം, ഇങ്ങനെ പ്രാർത്ഥിക്കാം: “കർത്താവേ, എങ്ങനെ പോകേണം എന്നു ഞാൻ അറിയുന്നു, അവിടുന്ന് ഒരു വിടുതൽ നൽകുന്നതുവരെ”.

വിശുദ്ധന്മാരുടെ ത്യാഗമുള്ള പ്രാർത്ഥനയ്ക്കു മുമ്പിൽ കൃപയുടെ ആത്മാവിന്റെ പ്രവൃത്തി വെളിപ്പെടട്ടെ, ഇങ്ങനെ പ്രാർത്ഥിക്കാം, “ ഞങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ രക്ഷിക്കേണമേ; നിന്റെ വിശുദ്ധനാമത്തിനു സ്തോത്രം ചെയ്യാനും നിന്റെ സ്തുതി പ്രശംസിപ്പാനും ജാതികളുടെ ഇടയിൽ നിന്നും ഞങ്ങളെ ശേഖരിക്കേണമേ ” (സങ്കീ. 106:47) ❖

സമ്മർദ്ദം ചെലുത്തുക പ്രാർത്ഥനയിൽ പിടിച്ചുകൊൾക

By E.M.Bounds

ക്രിസ്തു പ്രാർത്ഥനയ്ക്കായി ആളുകളെ ആക്കി വയ്ക്കുന്നു. നാം പ്രാർത്ഥിക്ക മാത്രമല്ല, അതീവ ശ്രദ്ധയോടെ പ്രാർത്ഥിക്കേണം. നാം പ്രാർത്ഥിക്കുക മാത്രമല്ല, വീണ്ടും വീണ്ടും ആവർത്തിച്ച് പ്രാർത്ഥിക്കേണം. നാം വിശ്വസ്തരായിരിക്കേണം, നാം ചോദിക്കുന്ന കാര്യങ്ങളെക്കുറിച്ച് നിശ്ചയമുള്ളവരായിരിക്കേണം, പ്രാർത്ഥനയും അതിന്റെ വിജയവും നാം ചോദിക്കുന്ന രീതിയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പ്രാർത്ഥനയിൽ ദൈവത്തോട് സമ്മർദ്ദം ചെലുത്തി പ്രാർത്ഥിക്കേണം.

അതിശയകരമായ കരുണയുടെ ലാളിത്വത്തിന്റെയും ഒരു ഉപമയിൽ, കർത്താവ് ഒരു ലളിതമായ പ്രാർത്ഥനയല്ല പഠിപ്പിച്ചത്, പിന്നെയോ പൂർണ്ണ ഹൃദയത്തോടെ പ്രാർത്ഥിക്കേണം, സമ്മർദ്ദം ചെലുത്തി ഊർജ്ജസ്വലതയോടെ പ്രാർത്ഥിക്കണം, വീരോചിതമായ ഹൃദയത്തോടെ പ്രാർത്ഥിക്കേണം.

“ മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിന് അവൻ അവരോട് ഒരു ഉപമ പറഞ്ഞത് ദൈവത്തെ ഭയവും മനുശ്യനെ ശങ്കയുമില്ലാത്ത ഒരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരുവിധവയും ഉണ്ടായിരുന്നു; അവൾ അവന്റെ അടുക്കൽ ചെന്നു; എന്റെ പ്രതിയോട് പ്രതിക്രിയ നടത്തി രക്ഷിക്കേണമേ എന്ന് പറഞ്ഞു. അവന് കുറേ കാലത്തേയ്ക്കു മനസില്ലായിരുന്നു; പിന്നെ അവൻ, എനിക്ക് ദൈവത്തെ ഭയമില്ല മനുഷ്യനെ ശങ്കയുമില്ല, എങ്കിലും വിധവ എന്നെ അസഹ്യപ്പെടുത്തുന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രീയ നടത്തി രക്ഷിക്കും; അല്ലെങ്കിൽ അവൾ ഒടുവിൽ വന്ന് എന്നെ മുഖത്തടിക്കും എന്ന് ഉള്ളുകൊണ്ട് പറഞ്ഞു. അനീതിയുള്ള ന്യായാധിപൻ പറയുന്നത് കേൾപ്പിൻ. ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു; എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന് കർത്താവ് പറഞ്ഞു ” (ലൂക്കോ. 18:1-8).

പ്രത്യാശയില്ലായ്മയുടെ മുഖത്ത്

ഈ പാവപ്പെട്ട സ്ത്രീയുടെ കാര്യത്തിൽ പ്രത്യാശയില്ലാത്ത ഒന്നാണ്. എന്നാൽ, അവളുടെ സമ്മർദ്ദം അവൾക്ക് നിരാശയുടെ സ്ഥാനത്ത് പ്രതികൂല സാഹചര്യങ്ങളുടെ സ്ഥാനത്ത് വിജയവും പ്രത്യാശയും നൽകപ്പെടുകയാണ്. ഇവിടുത്തെ സാഹചര്യം ബലഹീനമാ, പേടിയും ഭയവുമില്ലാത്ത അപേക്ഷയാണെങ്കിലും പ്രതീക്ഷയ്ക്കു വകയില്ല.

ഉപമയുടെ ആമുഖം നമ്മോട് പറയുന്നു “അവൻ (യേശു) ഒരു ഉപമ പറഞ്ഞു.... അവസാനത്തിൽ ... മടുത്തുപോകരുത് ”. അദ്ദേഹം നൽകുന്നത് അത്ഭുതകരമായ, നിർബ്ബന്ധ പൂർവ്വമുള്ള ഒരു അപേക്ഷയുടെ ഒരു രൂപരേഖയാണ്.

വിധവ, ക്ഷീണതയും സഹായമറ്റവൾ, നിസഹായത പ്രതിഫലിക്കുന്നു; എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട അവസ്ഥ, ഒരു അനീതിയുള്ള ന്യായാധിപൻ, എന്നാൽ അവൾ ലജ്ജകൂടാതെ നിരന്തരമായി അപേക്ഷിച്ചുകൊണ്ടേയിരിക്കുന്നു. ആവശ്യഭാരത്തോടെ അപേക്ഷിക്കുന്നു, അതിന്റെ ശക്തിയോടും ബഹുനിശ്ചയത്തോടും അപേക്ഷിക്കുന്നു, ഒരു ആഴമായ സമ്മർദ്ദമല്ലേ ഇത്? എല്ലാ തടസ്സങ്ങളും നീങ്ങിപ്പോകുന്നു, എല്ലാ എതിരുകളേയും അതിജീവിക്കുന്നു, അവസാനം എല്ലാ അദൃശ്യമായ തടസ്സങ്ങളേയും തരണം ചെയ്യുന്നു. പ്രാർത്ഥനയില്ലാതെ നമുക്കു ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. സമ്മർദ്ദം ചെലുത്തി പ്രാർത്ഥിക്കുന്നതിലൂടെ എല്ലാം നമുക്ക് സാദ്ധ്യമായിത്തീരുന്നു. അതാണ് യേശുവിന്റെ പഠിപ്പിക്കലുകൾ.

അതേ സത്യം വെളിപ്പെടുത്തുവാനായി യേശു വേറൊരു ഉപമ പറയുന്നു. ഒരു മനുഷ്യൻ അർദ്ധ രാത്രിയിൽ അപ്പം വായ്പ വാങ്ങുവാനായി തന്റെ കൂട്ടുകാരന്റെ അടുക്കലേക്ക് പോകുന്നു. അദ്ദേഹത്തിന്റെ അപേക്ഷ ശക്തമാണ്, സ്നേഹിതൻ എന്ന അടിസ്ഥാനത്തിൽ അധികം സ്വാതന്ത്ര്യത്തോടെ ചോദിക്കുകയാണ്. എന്നാൽ താൻ പരാജയപ്പെട്ടു. തനിക്ക് അപ്പം കിട്ടിയില്ല. എന്നാൽ കാത്തിരുന്നു, സമ്മർദ്ദം ചെലുത്തി. തുടർച്ചയായ തന്റെ അപേക്ഷ തന്റെ മുന്നിലുള്ള മറ്റെല്ലാ തടസ്സങ്ങളെയും തന്റെ മുമ്പിൽ നിന്നും നീക്കി, അവയെല്ലാം പരാജയപ്പെടുത്തി.

മറ്റൊരുപമ സുറോഫൊയ്നീക്യക്കാരിയോടുള്ള ബന്ധത്തിൽ നമുക്കു കാണാം. അവൾ യേശുവിനെ സമീപിച്ച് അവൾ നിലിളിക്കുകയാണ്. യേശു തന്റെ സാന്നിദ്ധ്യം അവൾക്ക് വിലക്കി, വ്യത്യസ്തമായ നിലയിൽ യേശു തന്നോട് ഇടപെടുകയാണ്, മിണ്ടാതിരുന്നു, യേശു മറുപടിയൊന്നും പറഞ്ഞില്ല. അവൾ പിന്നെയും പിന്നെയും അപേക്ഷിച്ചു, ഇടവിടാതെ അപേക്ഷിച്ചു. അവൾ മടങ്ങി

(ശേഷം 12-ാം പേജിൽ)

(11-ാംപേജിന്റെ തുടർച്ച)

സമ്മർദ്ദം ചെലുത്തുക പ്രാർത്ഥനയിൽ പിടിച്ചുകൊൾക

പ്പോയില്ല, അവൾ നിലവിളിച്ചുകൊണ്ടേയിരുന്നു. അവൾ തന്നെത്തന്നെ താഴ്ത്തി, നായെന്ന് വിളിച്ചതും സഹിച്ചു കാത്തു നിന്നു. അവൾ എല്ലാം അംഗീകരിച്ചു, എല്ലാം അതിജീവിച്ച, താഴ്മയോടെ നിന്നു, പേടിയില്ലാതെ നിന്നു, അവൾ പിന്നെയും അപേക്ഷിച്ചു. ഒടുവിൽ ദൈവപുത്രൻ തന്നിൽ പ്രസാദിച്ചു, നിർബ്ബന്ധപൂർവ്വമായ അപേക്ഷയുമായി, ആർക്കും കീഴടങ്ങാത്ത ആവശ്യവുമായി അവൾ നിന്നു, യേശു അവളോട്; “സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ എന്നുത്തരം പറഞ്ഞു; ആ നാഴികമുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു” (മത്താ. 15:28).

ഒരു വലിയ വിശ്വാസത്തിന്റെ അപേക്ഷയോടുള്ള ബന്ധത്തിൽ കർത്താവായ യേശു തന്നെത്താൻ താഴ്ത്തി. “ദൈവമോ രാപ്പകൽ തന്നോട് നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു”.

കർത്താവായ യേശു നമുക്ക് പ്രാർത്ഥിക്കുവനുള്ള ശക്തി തരുന്നു, ഇത് പ്രാർത്ഥനയുടെ വ്യവസ്ഥകളിലൊന്നാണ്. നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയിക്കുദാഹരണമാണ്. സുറോഫൊയ്നീക്യക്കാരിയായ സ്ത്രീയുടെ അനുഭവം, വ്യത്യസ്തവും യാഥാർത്ഥ്യവും അധികം പ്രാധാന്യമർഹിക്കുന്നതുമായ ഒരു പ്രാർത്ഥന. സഹനവും, എല്ലാ പ്രധാന മൂല്യങ്ങളും ഉദാഹരണമാക്കിയുള്ള ശ്രേഷ്ഠമായ ഒരു പ്രാർത്ഥന.

നിർബ്ബന്ധപൂർവ്വമായ അപേക്ഷയുടെ ആദ്യപാഠമാണ്. പർവ്വത പ്രസംഗത്തിൽ യേശു പഠിപ്പിച്ചത് “യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും”. ഇവയാണ് പ്രാർത്ഥനയുടെ പടികൾ - “യാചിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന് തുറക്കും” (മത്താ. 7:7,8).

തുടർച്ചയില്ലാത്ത പ്രാർത്ഥന ഉത്തരം ലഭിക്കാതെ പോകും. നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയെന്നത്, മുറുകെപിടിക്കുവാൻ ശക്തി നൽകുന്നു, സമ്മർദ്ദം ചെലുത്തുവാൻ സഹായിക്കുന്നു, വിശ്രമം കൂടാതെ കാത്തിരിക്കുവാൻ, വിശ്രമം കൂടാതെ ഗ്രഹിക്കുവാൻ, വിശ്രമമില്ലാത്ത ആഗ്രഹവും വിശ്രമമുള്ള ക്ഷമയും നമുക്കു തരുന്നു. നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയെന്നത്, ഒരു സാധാരണ സംഗതിയല്ല, എന്നാൽ ഒരു അസാധാരണ സംഗതിയാണ്, ഒരു പ്രകടനമല്ല, ഒരു ആത്മഭാരമാണ്, ഒരു ആവശ്യമല്ല, ഒരു അത്യാവശ്യമാണ്.

പ്രാർത്ഥന അതിന്റെ ഉന്നതനിലവാരത്തിൽ വിജയം നേടിയതിനെ ശരിവയ്ക്കുന്ന നിലയിലാണ് ദൈവത്തോട് മല്ലുപിടിക്കുന്ന ഒരാളെ കാണുന്നത്. ഇത് പശ്ചാത്തലം, പരിശീലനവും വിശ്വാസത്തിന്റെ വിജയവും; ഒരു വിജയം ശത്രുവിന്റെ കൈകളിൽ ഭദ്രമല്ല, എന്നാൽ ദൈവത്തിൽ നമ്മുടെ വിശ്വാസം വളരുവാൻ ഇടയായിത്തീരും, അത് നമ്മെ പരീക്ഷിച്ചു കൂടുതൽ ശക്തരാക്കിത്തീർക്കുന്നു. കുറച്ചു കാര്യങ്ങൾ ഇപ്രകാരം ഉണർത്തപ്പെട്ട സ്ഥിരം കരുത്തു, ആത്മാവിൽ ഒരു ദീർഘമായ, പുറമേയുള്ള, നിർബന്ധപൂർവ്വമായ പ്രാർത്ഥനയാണ്. ഇത് ഒരു നല്ല പരിചയം ഉണ്ടാക്കുന്നു, ഒരു നല്ല കാലം, ആത്മാവിന്റെ ഒരു പുതിയ കാലയളവ്, ഒരു പുതുജീവിതം, ഒരു ശക്തമായ പരിശീലനം ഉണ്ടാക്കിയെടുക്കുന്നു.

ശ്രമകരം, സുപ്രധാനം, ഉത്സാഹം

വേദപുസ്തകം നൽകുന്ന ഉന്നതമായ ആത്മിക ചിന്തകൾ ഉപമകളിലൂടെ വെളിപ്പെടുത്തുമ്പോൾ ക്ഷീണമില്ലാതെ എന്നേക്കും നിലനില്ക്കുകയാണ്. അവിടെ ഒരു സഹായത്തിന്റെ ആവശ്യമില്ല, ക്രമീകൃതമായ വിഷയങ്ങളല്ല, മിടയുള്ള മനോഭാവമല്ല; എല്ലാം ശ്രമകരവും സുപ്രധാനവും ഉത്സാഹവും ഉള്ളതാണ്. ജ്വലിക്കുന്ന ആഗ്രഹങ്ങൾ, ആർദ്രതയുള്ള, ക്ഷീണിക്കാത്ത, സ്വർഗ്ഗത്തെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളാണുള്ളത്. തന്റെ മക്കൾക്ക് ഉത്തേജനവും സന്തോഷവും നൽകുന്നു. ഏകാഗ്രതയില്ലാത്ത പ്രാർത്ഥന ദൈവം കേൾക്കയില്ല.

പൂർണ്ണ ഏകാഗ്രതയോടെ പ്രാർത്ഥിക്കേണം; ജോൺ നോക്സിനെപ്പോലെ, നാം പറയുക, “സ്കോട്ട്ലണ്ടിനെ എനിക്കു തരിക, അല്ലെങ്കിൽ ഞാൻ മരിക്കട്ടെ”! നമ്മുടെ പരിചയവും ദൈവത്തെക്കുറിച്ചുള്ള വെളിപ്പാടുകളും ത്യാഗത്തിൽ നിന്നുള്ളതായിരിക്കട്ടെ, ത്യാഗത്തിന്റെ പ്രാർത്ഥനയായിരിക്കട്ടെ. മൽപിടിത്തം, തന്റെ പ്രാർത്ഥനയിലൂടെ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ യാക്കോബിന്റെ ജീവിതത്തിലുണ്ടാവുകയാണ്, തന്നെ രക്ഷിക്കാൻ ദൈവം ഇറങ്ങിവന്നു, ഏശാവിന്റെ സ്വഭാവത്തിനും മനോഭാവത്തിനും വ്യത്യാസം വരുത്തി, യാക്കോബിന്റെ സ്വഭാവത്തെമാറ്റി, തന്റെ ജീവതത്തെ രക്ഷിച്ചു, പുതിയ അനുഭവം നിനക്കു നൽകി.

നിർബ്ബന്ധ പൂർവ്വമായ അപേക്ഷ, ആവർത്തിക്കുമായിരിക്കാം, പ്രാർത്ഥനയുടെ അവസ്ഥയാണത്. ഒരു കാര്യത്തിന് സമ്മർദ്ദം ചെലുത്തുമ്പോൾ, വെറുതെ ആവർത്തിക്കേണ്ട കാര്യമില്ല, എന്നാൽ നമ്മുടെ അത്യാവശ്യം കാരണം ആവർത്തിച്ച് ചോദിക്കാം. നമുക്ക് ആവർത്തിച്ചു ചോദിക്കാം, നമുക്ക് ആവർത്തിച്ച് പറയാം, എത്ര പ്രാവശ്യം എന്ന് എണ്ണരുത്, നമ്മുടെ അത്യാവശ്യം അനുസരിച്ച് അത് ലഭിക്കുന്നതുവരെയും പ്രാർത്ഥിക്കാം. നമുക്കു ശാന്തമായി പ്രാർത്ഥിപ്പാൻ കഴിയുകയില്ല, കാരണം നമ്മുടെ ഹൃദയവും ആത്മാവും അതിലുണ്ട്. നാം പ്രാർത്ഥിക്കാം. എല്ലാ ആശ്യങ്ങൾക്കും വേണ്ടി. നാം പ്രാർത്ഥനയിൽ ആശ്രയിക്കുന്നു, കാരണം അവയാലാണ് നാം ജീവിക്കുന്നത്. സമ്മർദ്ദം ചെലുത്തി അപേക്ഷിക്കാം. കാരണം ഒന്നുകിൽ അത് ലഭിക്കും അല്ലെങ്കിൽ മരിക്കും. നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയ്ക്ക് കർത്താവ് രണ്ട് ഉപമകൾ നമ്മോട് പറയുന്നു. ഉല്പ 18:23-32 വരെയും 2 രാജാ 13:18,19.

അശ്രാന്ത പരിശ്രമം ദൈവത്തോടുള്ള ബന്ധത്തിലും മനുഷ്യരോടുള്ള ബന്ധത്തിലുമുണ്ട്. ഏലിയാവിന്റെ ആദ്യ പ്രാർത്ഥനയിൽ മഴപെയ്യാതവണ്ണം ആകാശത്തെ അടച്ചുകളഞ്ഞു (1രാജാ. 18:42-45). യാക്കോബ് പ്രാർത്ഥന നിർത്തിയിരുന്നുവെങ്കിൽ തന്റെ സഹോദരനുമായി സന്തോഷകരമായ കൂടിക്കാഴ്ച ഉണ്ടാകുമായിരുന്നില്ല (ഉല്പ. 32:24-30). സുറൊഫൊയ്നീക്യക്കാരി സ്ത്രീ തന്റെ അപേക്ഷയിൽ വിട്ടുവീഴ്ച ചെയ്തിരുന്നെങ്കിൽ, ശാന്തമായിരുന്നെങ്കിൽ, താഴ്മയായിരുന്നെങ്കിൽ, പ്രതികരണമില്ലായിരുന്നെങ്കിൽ, പകുതിവഴിയിൽ ഉപേക്ഷിച്ചിരുന്നെങ്കിൽ, അവളുടെ ദു:ഖത്തിലായിരിക്കുന്ന ഭവനം മകളുടെ സൗഖ്യം നേടി സന്തോഷിക്കുമായിരുന്നില്ല.

(ശേഷം 13-ാം പേജിൽ)

(12-ാംപേജിന്റെ തുടർച്ച)

സമ്മർദ്ദം ചെലുത്തുക പ്രാർത്ഥനയിൽ പിടിച്ചുകൊൾക

പ്രാർത്ഥിക്കുക ഒരിക്കലും മടുത്തുപോകരുത്

മടുത്തുപോകാതെ പ്രാർത്ഥിക്ക, കർത്താവ് നൽകുന്ന ഉപദേശമാണ്. ഇത് വിശ്വാസത്തിന്റെ പരിശോധനയാണ്, കൂടുതൽ സന്തോഷിക്കേണ്ടതിന്, പരീക്ഷകളും കാത്തിരിപ്പുകളും ആവശ്യമാണ്.

പഴയനിയമത്തിൽ നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയെക്കുറിച്ച്, അതിന്റെ ആവശ്യത്തെയും നേട്ടങ്ങളെയും കുറിച്ച് പറയുന്നുണ്ട്. പ്രാർത്ഥിക്കുന്ന മനുഷ്യർ പ്രത്യാശയിലും, വിശ്വാസത്തിലും, പ്രാർത്ഥനയിലും ശക്തന്മാരാണ്. എങ്ങനെ സമ്മർദ്ദം ചെലുത്തണം എങ്ങനെ പ്രാർത്ഥിക്കണം എന്ന് അവർ അറിയുന്നു, എങ്ങനെ കാത്തിരിക്കണം എന്നു അറിയുന്നു. സോദോമിനും ഗോമോറയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്നതിലൂടെ ഒരു നല്ല മാതൃക നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയെക്കുറിച്ച് നമുക്കു കാണാം. അബ്രഹാം തന്റെ പ്രാർത്ഥന നിർത്തിയില്ല. ദൈവം മറുപടി നൽകുവാൻ താമസിച്ചേക്കാം എന്ന് വച്ച്. ആരോ പറഞ്ഞു, അബ്രഹാം ചോദിക്കുന്നതിൽ നിന്നും പിന്തിരിഞ്ഞു, ദൈവം മറുപടി നൽകുന്നതിൽ നിന്നും പിന്തിരിഞ്ഞു. മോശെ തന്റെ ജനത്തെ നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥന പഠിപ്പിച്ചു, നാല്പതുരാവും നാല്പതു പകലും തന്റെ ജനമായ യിസ്രായേലിനുവേണ്ടി ഉപവസിക്കുകയും പ്രാർത്ഥിക്കയും ചെയ്തു. നിർബ്ബന്ധപൂർവ്വമായ ആ പ്രാർത്ഥന വളരെ ഫലം കണ്ടു.

യേശു, പഠിപ്പിക്കലുകളിൽ ഉപമകളും ഉദാഹരണങ്ങളും കൊണ്ട് പൂർണ്ണമാക്കുകയും കാത്തിരിപ്പിനെയും പ്രാർത്ഥനയെയും കുറിച്ചു പഠിപ്പിക്കയും ചെയ്തു. ദൈവത്തിന്റെ ഏകജാതൻ, പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ വന്നവൻ, തന്റെ സ്വർഗ്ഗവും ഭൂമിയും, പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു തന്റെ ജീവിതവും പ്രമാണവും. എന്തൊരു മർമ്മമാണ് തന്റെ ന്യായപ്രമാണത്തിലുള്ള അനുസരണം, തന്റെ ദൈവത്തിൽ നിന്നു പ്രാപിച്ച് കൊടുക്കുകയും, നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനയാൽ താൻ നേടിയതിനെ നമുക്ക് നൽകി ധന്യരാക്കി. നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥന താൻ പ്രാർത്ഥിച്ചില്ലേ, ഒരു രൂപാന്തരം തന്റെ ചരിത്രത്തിലില്ലേ, വീര്യപ്രവർത്തികൾ തന്റെ ദിവ്യസ്വഭാവത്തിന്റെ ചരിത്രത്തിൽ വെളിപ്പെട്ടിട്ടില്ലേ? തന്റെ എല്ലാ പ്രാർത്ഥനകളിലും ആത്മഭാരം നിഴലിച്ചു കാണാം. തന്റെ മരണത്തിൽ മേലുള്ള വിജയം നിർബ്ബന്ധപൂർവ്വമായ തന്റെ പ്രാർത്ഥനയാണ്. അവിടുന്ന് തന്റെ പിതാവിന് സമർപ്പിച്ചതും ക്രൂശിലെ മരണത്തോളം തന്നെ താഴ്ത്തിയതും തന്റെ പ്രാർത്ഥനയാണ്.

“നിങ്ങൾ ഇത് ഇഷ്ടപ്പെടുന്നുവോ, അതോ, ഇല്ലയോ”, ചാൾസ് സ്പർജൻ പറഞ്ഞു, ഭരണകൂടത്തിന്റെ ഭരണത്തെക്കുറിച്ച് ചോദിക്കുമ്പോൾ, ചോദിക്കുക എന്നാൽ നിങ്ങൾക്കു കിട്ടും. ഇതു ഒരു നിയമമാണ്, ആരുടെ കാര്യത്തിലും മാറ്റമില്ല. കർത്താവായ യേശു ക്രിസ്തു കുടുംബത്തിലെ മൂത്ത സഹോദരനാണ്. എന്നാൽ ദൈവം താനും നിയമത്തിൽ നിന്നും സ്വതന്ത്രനല്ല. ഈ വേദഭാഗം ഓർമ്മിക്കുക, യഹോവ തന്റെ സ്വന്തം പുത്രനോട് ഇപ്രകാരം പറയുന്നു, “എന്നോട് ചോദിച്ചുകൊൾക; ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും (സങ്കീ. 2:8), രാജാവും ദൈവവുമായ ദൈവപുത്രൻ ഒഴിവുള്ളവനല്ല, ചോദിക്കുന്നതിൽ നിങ്ങളും ഞാനും പ്രതീക്ഷിക്കുന്ന സ്വാതന്ത്ര്യം ദൈവം തരികയില്ലായിരിക്കാം. എന്തുകൊണ്ടാണത്? എന്തുകൊണ്ട് അപേക്ഷിക്കണം എന്തു കൊണ്ടു പ്രാർത്ഥനയിൽ നിന്നും ഒഴിവുള്ളവരായിരിക്കേണം? എന്ത് വാദപ്രതിവാദമാണ് എന്തുകൊണ്ട് പദവിയിൽ നിന്നും വ്യതിചലിക്കേണം എന്തുകൊണ്ട് പുനർ വിചിന്തനത്തിൽ നിന്നും ഒഴിവാകേണം? ഞാൻ ആരെയും കാണുന്നില്ല; നിങ്ങൾക്ക് കഴിയുമോ?

“ദൈവം ഏലിയാവിനെ അനുഗ്രഹിക്കുന്ന, യിസ്രായേലിന്മേൽ മഴയെ അയയ്ക്കും, ഏലിയാവ് അതിനു വേണ്ടി പ്രാർത്ഥിക്കേണമായിരുന്നു. ഒരു തെരഞ്ഞെടുക്കപ്പെട്ട രാജ്യത്തിനുവേണ്ടി ശമുവേൽ അപേക്ഷിച്ചു (1ശമു. 7:3-12). യഹൂദൻ വിടുവിക്കപ്പെടേണം, ദാനിയേൽ മദ്ധ്യസ്ഥതയണക്കേണം. ദൈവം പൗലൊസിനെ അനുഗ്രഹിക്കേണം. ഇവിടാതെ പ്രാർത്ഥിക്കുക; തന്റെ ലേഖനങ്ങൾ പരിശോധിക്കുമ്പോൾ, ചോദിക്കാതെ ഒന്നും നേടുവാൻ സാദ്ധ്യമല്ല. ചോദിക്കുന്നതിലൂടെ നിങ്ങൾക്ക് ലഭിക്കുന്നു. ചോദിക്കാതെ ഒന്നും ലഭിക്കുകയില്ല. എത്ര വ്യക്തമായി പ്രാർത്ഥനയായിരിക്കുന്നു, നിങ്ങളും പ്രാർത്ഥിക്കുക.

ഒരു ചെറിയ സംശയത്തിനുപോലും ഇടയില്ലാതെ നമ്മുടെ പ്രാർത്ഥന പരാജയപ്പെടുന്നു. സുസ്ഥിരതയില്ലാത്തതിനാൽ. ഇത് കഠിനാദ്ധ്വാനമില്ലാതെയാണ്, ദൈവത്തിന്റെ അഗ്നിയില്ലാതെയാണ്. യഥാർത്ഥ പ്രാർത്ഥനയ്ക്ക് സ്ഥിരത ആവശ്യമാണ്. ഇത് എല്ലായ്പ്പോഴും ശരിയാകണമെന്നില്ല, ഇത് എപ്പോഴും സംഭരിക്കപ്പെട്ട ശക്തി ആയിരിക്കും. കർത്താവായ യേശു ക്രിസ്തു പഠിപ്പിച്ചത് അടിസ്ഥാനമൂല്യങ്ങളുടെ പ്രാർത്ഥനയ്ക്ക് കഠിനാദ്ധ്വാനം ആവശ്യമാണ്. ദൈവത്തിന്റെ പാദപീഠത്തിൽ ആയിരിക്കുമ്പോൾ നാം വിശ്വസ്തരായിരിക്കേണം.

പലപ്പോഴും നാം ക്ഷീണിച്ചവശരായി, ശാന്തമായ അന്തരീക്ഷത്തിൽ കാണപ്പെടാറുണ്ട്. നാം എത്തിച്ചേരേണ്ട സ്ഥാനത്ത് വളരെ ശക്തമായി നാം കാണപ്പെടേണം. നമ്മുടെ പ്രാർത്ഥനകൾ പലപ്പോഴും ക്ഷീണിച്ചു കാണുന്നു. കാരണം ആത്മഭാരമില്ലാത്തതായി തീരാറുണ്ട്.

നിർബ്ബന്ധപൂർവ്വമായ പ്രാർത്ഥനക്കാരനെ ദൈവം സ്നേഹിക്കുന്നു, അവന് മറുപടി നൽകുന്നു. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവന്റെ പ്രാർത്ഥനകൾക്ക് വേഗം ഉത്തരം നൽകുന്നു. ❖